കർമ്മല കുസുമം.

പുസ്തകം ൧൭. ൧൯൧൯ ഏപ്രിൽ. ലക്കം ൪.

# ക്രൂശിക്കപ്പെട്ട യേശു.

"നിറവേറിയിരിക്കുന്നു. പിതാവേ! അങ്ങേ കരങ്ങളിൽ എന്റെ ആത്മാവിനെ കയ്യേൽപ്പിക്കുന്നു". ഇത്രയും പറഞ്ഞശേഷം ഈശോ നിഷ്പ്രാണനായി. ഗാഗുൽത്തായിൽ എല്ലാം നിശ്ശബ്ദവും നിശ്ചലവുമായിരിക്കുന്നു. കർത്താവിന്റെ തിരുപ്പാദങ്ങളിൽനിന്നും തുള്ളിതുള്ളിയായി ഒഴുകുന്ന തിരുരക്തം മാത്രമേ ചരിക്കുന്നുള്ളു. ജനതതി ഭയവിഹ്വലമായി പലായനം ചെയ്തിരിക്കുന്നു. കർത്താവിന്റെ മാതാവു് ദുഃഖംകൊണ്ടു മൂകയായിത്തീർന്നിരിക്കുന്നു. മന്ദമായി രോദനം ചെയ്തുകൊണ്ടു് മഗ്ദലീനാ കുരിശിൻചുവട്ടിൽ വീണു കിടക്കുന്നു. താപഭരത്താൽ വിശുദ്ധ യോഹന്നാൻ ഒരക്ഷരംപോലും ശബ്ദിക്കാതെ നിലകൊള്ളുന്നു. അശ്വാരൂഢന്മാരായ ഒന്നുരണ്ടു പടയാളികളും സമീപത്തില്ലാതില്ല. മേല്പോട്ടു നോക്കിയതിൽ— ക്രമേണ അന്ധകാരം മാറിത്തുടങ്ങുന്നു— മരക്കുരിശിന്മേൽ തറയ്ക്കപ്പെട്ടിരിക്കുന്ന ഒരു മൃതശരീരം ദൃഷ്ടിയിൽ പതിയുന്നു. ശരീരത്തിന്റെ ഭൂരിഭാഗവും നഗ്നമാണു്. മുറിവില്ലാത്ത ഇടം ഇല്ല തന്നെ. രോമകൂപങ്ങളിലൂടെ രക്തം പനയ്ക്കുന്നു. നമ്രമുഖത്തോടുകൂടിയ ശിരസ്സു് മുൾമുടിയാലാണു് പരിവേഷ്ടിതമായിരിക്കുന്നതു്. മുടിയിലെ മുള്ളുകൾ ഇനി ആ ശിരസ്സിനെ വേദനപ്പെടുത്തുകയില്ല! മുഖത്തു ശാന്തതയുടെ ലക്ഷണങ്ങൾ ധാരാളമുണ്ടു്; എങ്കിലും സ്വയം നിയന്ത്രിതമായ കഷ്ടാനുഭവത്തിന്റെ ചിഹ്നങ്ങൾ, ഓരോ രേഖയിലും സ്പഷ്ടമായിക്കാണാം. ചുണ്ടുകൾ വരണ്ടും സഹിച്ച ദാഹാധിക്യത്താൽ മിക്കവാറും കറുപ്പുനിറമായിട്ടും പകർന്നിരിക്കുന്നു. നേത്രങ്ങൾ വികസിതങ്ങളായിട്ടുതന്നെ ഇപ്പോഴും ഇരിക്കുന്നു; എന്നാൽ അവയ്ക്കു കാഴ്ചയില്ല. അനുകമ്പാസമ്മിശ്രമായ ഒരു നോട്ടം മൃതമായ ആ നയനദ്വയത്തിനുണ്ടുതാനും.

മനുഷ്യദൃഷ്ടിക്കു ഗോചരീഭവിച്ചിട്ടുള്ള സകല ചിത്രങ്ങളിലുംവച്ചു് സന്താപതമമായ ഒരു ചിത്രമാണിതു്. മനുഷ്യനോടുള്ള സ്നേഹാഗ്നിയാൽ ഭസ്മീകൃതമായ ഹൃദയം, ഇതാ കാൺക! പടയാളിയുടെ കുന്തത്താലല്ല— നരവർഗ്ഗത്തിന്റെ കൃതഘ്നതയാൽ ആണു്, രണ്ടായി പിളർക്കപ്പെടുന്നതു്. ഇതരന്മാരുടെ നന്മയ്ക്കും സൌഭാഗ്യത്തിനുംവേണ്ടി ഇത്ര നിസ്സ്വാർത്ഥതയോടെ ജീവിച്ചവരുണ്ടോ? ഇത്ര ക്രൂരമായിട്ടും നിർദ്ദയമായിട്ടും പീഡിപ്പിക്കപ്പെട്ടു, വധിക്കപ്പെട്ടവരുണ്ടോ? ഒരു ഉച്ഛൃംഖലനായ രാജാവായിട്ടോ, ജനദ്രോഹിയായ പ്രഭുവായിട്ടോ, നിർദ്ദയനായ ന്യാ

യാധിപനായിട്ടോ ആയിരുന്ന മ്ശിഹാ അവതരിച്ചിരുന്നതെങ്കിൽ, ജനതതി ഇ പ്രകാരം ചെയ്യുതിൽ അത്ഭുതപ്പെടുവാനില്ല. പക്ഷെ ആദിമ വരപ്രസാദാവസ്ഥയിൽനിന്നും അധഃപതിച്ചവരായ നമ്മോട്, അനുകമ്പാവൈശിഷ്ട്യമുള്ളവനും മാതൃക്കൾക്ക് സ്വപുത്രരോടുള്ള സ്നേഹത്തെ അധഃകരിക്കുന്ന സ്നേഹമുള്ളവനുമാണ്, മൃതനായി കുരിശിൽ കിടക്കുന്ന ഈ ഈശോ! "അതേ, മൃതനായി കുരിശിൽ കിടക്കുന്ന ഈശോ," നിസ്സാരനായിട്ടുള്ള ഇതര മനുഷ്യരെപ്പോലെ ഒരുവനാണെന്നുമാത്രം വിചാരിക്കുന്നവർ ലോകത്തിൽ എത്രയോ അധികമുണ്ട്!

പ്രത്യുത, അറിയുന്നവക്കും വിശ്വാസമുള്ളവക്കും ക്രീസ്തു, സാക്ഷാൽ മൃതനല്ല; നമ്മുടെ കേന്ദ്രവും നമ്മുടെ ജീവിതത്തിന്റെതന്നെ മമ്മസ്ഥാനവുമാണ്. മനുഷ്യരക്ഷയ്ക്കായി രക്തം ചിന്തിയപ്പോഴത്തെപ്പോലെതന്നെ ഈശോ, ഇപ്പോഴും നമ്മെ സ്നേഹിച്ചു കൊണ്ടാണിരിക്കുന്നത്. ഈ സ്നേഹത്തെ നാം അറിഞ്ഞ്, തന്റെ കഷ്ടാനുഭവത്തെപ്പററി ശരിയായി ഓക്കുന്നത് നമ്മുടെ കത്താവിന് ഏററവും സന്തോഷപ്രദമായിരിക്കും. ഏതാദൃശ ചിന്തകളെപ്പററി പരിഗണനം ചെയ്യുന്നതിന്, പെസഹാക്കാലം ഉത്തമമായിട്ടുള്ളതാണ്. ഓർശ്ലേമിന്റെ പടിവാതുക്കൽക്കൂടി ഗാഗുൽത്തായുടെ ഉയരങ്ങളിലേക്കു വിശ്വാസികളെ തിരുസഭ ആനയിക്കുന്ന സമയം ഇതാണ്.

മ്ശിഹാ കുരിശിന്മേൽ മരിച്ചിട്ട് ഇപ്പോൾ ഇരുപതു ശതവഷങ്ങളായിട്ടും, ലോകർ തന്റെ സ്നേഹാധിക്യത്തെ ഇതുവരെയും അറിഞ്ഞിട്ടില്ല. ഇപ്പോഴും അറിയുന്നില്ല. ക്രൂശിക്കപ്പെട്ട രക്ഷകനെ വിസ്മരിക്കുന്നു. ഹാ! ദൈവമേ! അവരോടു നീ ക്ഷമിക്കേണമെ! വിശ്വാസികളുടെ സവൈശ്വയ്യങ്ങളും ആദശങ്ങളും നമ്മുടെ ദിവ്യരക്ഷകന്റെ നിസ്സാണത്തോടും അമൂല്യരക്തത്തോടും അഭേദ്യമായ വിധത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ തത്വങ്ങളെ പെസഹാക്കാലങ്ങളിൽ പ്രത്യേകമായ വിധത്തിൽ ധ്യാനിക്കുന്നതിനു തിരുസഭ നമ്മോട് ഉപദേശിക്കുന്നു. നമ്മുടെ ദൃഷ്ടിപഥത്തിൽ സവ്വദാ ഉണ്ടായിരിക്കേണ്ട ചിത്രം, ക്രൂശിക്കപ്പെട്ട മ്ശിഹായുടേതാണ്. നമ്മുടെ പ്രതിദിന പ്രവൃത്തികളുടെ ഇടയിൽ "ക്രൂശിക്കപ്പെട്ട" രൂപത്തെ മനസ്സിൽ സ്വല്പനേരത്തേക്കെങ്കിലും ധ്യാനിക്കാം. വിശുദ്ധ പൌലോസിനോടുകൂടി, ക്രൂശിക്കപ്പെട്ട മ്ശിഹായെ അറിയുന്നതിൽ കൂടുതലായി എനിക്ക് ഒന്നും അറിഞ്ഞിട്ടാവശ്യമില്ലെന്നും, അതിൽ സവ്വവും എനിക്കു ലഭ്യമാകുമെന്നും ഞാൻ ദൃഢമായി വിശ്വസിക്കുന്നു. എന്റെ വിശ്വാസം അസ്ഥാനത്തിലാവുകയില്ലെന്നും ഞാൻ അറിയുന്നു. കഷ്ടാനുഭവധ്യാനം ശ്രമസാദ്ധ്യവും, കുരിശുമരണാനുകരണം വിഷമതരവും, ക്രിസ്ത്വനുകരണം വിഷമതമവുമാകുന്നു; എന്നാൽ കുരിശെടുക്കാത്തവൻ മുടി ധരിക്കയില്ല; യുദ്ധം ചെയ്യാത്തവനു വിജയമില്ല; പരിശ്രമിക്കാത്തവനു സമ്മാനമില്ല; എന്നീ വിചാരങ്ങൾ എന്നെ ഭയപ്പെടുത്തുന്നു. എങ്കിലും ഹാ! ദൈവമേ! അങ്ങേ സീമയററ അനുഗ്രഹം എന്നെ ധൈയ്യപ്പെടുത്തുന്നുണ്ട്. ക്രൂശിക്കപ്പെട്ട ഈശോയേ! എന്റെമേൽ അനുഗ്രഹിക്കേണമെ.

---

നമ്മുടെ ജീവിതകാലത്തിൽ എല്ലാ ദിവസവും നമുക്കു എല്ലാവക്കും പല പ്രകാരത്തിലും നന്മചെയ്യാൻ തരം കിട്ടുന്നുണ്ട്. അതുകൊണ്ട് സന്ദർഭം വരുമ്പോളെല്ലാം അന്യനു നന്മചെയ്യാൻ നാം ശ്രമിക്കുക. ആ വക സന്ദർഭങ്ങൾ വരുന്നതിനു നമുക്കു കാത്തിരിക്കുകയും ചെയ്യാം. നന്മചെയ്യാനുള്ള സന്ദർഭങ്ങളെ കണ്ടെത്തുന്നതിനും, സന്ദർഭോചിതമായി പ്രവൎത്തിപ്പാനും ഉള്ള ശക്തി അഭ്യാസംകൊണ്ടു നമ്മളിൽ വദ്ധിക്കുന്നതാണ്. ഇങ്ങനെ നമുക്കെല്ലാവക്കും, വളരെ നന്മയെ അന്യന്മാക്കു ചെയ്യാൻ കഴിയും.

* * *

പാലാ സെന്റ് തോമസ് ഇംഗ്ലീഷ് വിദ്യാലയത്തിൽ അടുത്ത സ്കൂൾ വഷാരംഭത്തോടേ ൪-ാം ഫോറം ഇടുന്നതാണെന്നും, സ്കൂൾഭാരവാഹികളുടെ നേതൃത്വത്തിൽ ഒരു ബോർഡിംഗ് ഹൌസ് ആരംഭിക്കുന്നതാണെന്നും കാണുന്നതിൽ ഞങ്ങൾ വളരെ സന്തോഷിക്കുന്നു.

# നിസ്തുല്യനായ ധർമ്മപ്രവർത്തകൻ.

ലോകോപകാരാർത്ഥം പ്രയത്നിച്ചിട്ടുള്ള പല മഹാന്മാരുടേയും പേരുകളും പ്രവൃത്തികളും നമുക്കു ചിരപരിചിതങ്ങളാണ്. എങ്കിലും യഥാർത്ഥവും ശാശ്വതവുമായ പരിഷ്കാരത്തിന്ന് അടിസ്ഥാനമിട്ട മഹാപുരുഷൻെറ സൽകൃത്യങ്ങളെ ഗ്രഹിച്ച് അദ്ദേഹത്തെ അനുകരിക്കുന്നവരുടെ ശ്രമങ്ങൾ മാത്രമേ ഫലഭൂയിഷ്ഠങ്ങളായിത്തീരുകയുള്ളു. അധഃപതിതനായ മനുഷ്യനെ ഉദ്ധരിച്ച ദിവ്യ ഗുരുവാണ് ഈ പരമ പരിഷ്കാരി.

മ്ശിഹാ വരുത്തിയിട്ടുള്ള പരിഷ്കാരങ്ങളേപ്പററി വല്ലതും ഗ്രഹിക്കണമെന്നുണ്ടായിരുന്നാൽ, അവിടത്തെ ആഗമനത്തിനുമുമ്പ് ലോകത്തിൻെറ സ്ഥിതി എന്തായിരുന്നു എന്നു അവശ്യം അറിയേണ്ടിയിരിക്കുന്നു. ജലപ്രളയശേഷം ക്ഷയിച്ചുതുടങ്ങിയ ദൈവവിശ്വാസം കാലാന്തരത്തിൽ വിഗ്രഹാരാധനയിലും അന്ധവിശ്വാസങ്ങളിലും ലയിച്ചു. കല്ലുമരങ്ങളാൽ നിർമ്മിതങ്ങളായ ബിംബങ്ങളേയും, സൂര്യചന്ദ്രനക്ഷത്രാദികളേയും സത്യദൈവത്തിൻെറ സ്ഥാനത്തു പ്രതിഷ്ഠിച്ചു. ദുഷ്കൃത്യങ്ങളുടെ മൂർത്തികളായ മനുഷ്യാധമന്മാരെപ്പോലും ദേവന്മാരായി മനുഷ്യർ പൂജിച്ചുവന്നു. ചക്രവർത്തികൾ, രാജ്യതന്ത്രജ്ഞന്മാർ, സേനാനായകന്മാർ മുതലായ ഗൌരവബുദ്ധികൾപോലും യഥാസമയം തങ്ങളുടെ പ്രവൃത്തികളെ നയിക്കുന്നതിനായി ശകുനം ദീക്ഷിച്ചിരുന്നു. അവശ്യജ്ഞേയങ്ങളും ഗുരുതരങ്ങളുമായ സംഗതികളേപ്പററി പ്രസിദ്ധ തത്വശാസ്ത്രികൾക്കുപോലും ഒന്നും അറിവാൻ പാടില്ലായിരുന്നു. ബഹുഭാര്യത്വം, ശൈശവനിഗ്രഹം, മദ്യപാനം ഇവയെ തത്വജ്ഞനായിരുന്ന പ്ലേറേറാ ആദരിച്ചിരുന്നു. ദുർബ്ബലന്മാരും രോഗികളുമായ കുട്ടികളെ സംഹരിക്കുന്നതിന് അറിസ്റ്റോട്ടൽ ഉപദേശിച്ചു. സോക്രട്ടീസും സീസരോയും വിഗ്രഹാരാധനയെ അനുകൂലിച്ചു പ്രസംഗിക്കുന്നതിനു മടിച്ചില്ല. മനുഷ്യജന്മം, ജന്മോദ്ദേശ്യം, സൽഗുണദുർഗ്ഗുണങ്ങളുടെ പ്രതിഫലങ്ങൾ മുതലായവയേപ്പററി വിഭിന്നങ്ങളും അബദ്ധസംപൂർണ്ണങ്ങളും ആയ മിഥ്യാജ്ഞാനം മാത്രമേ അവർക്കുണ്ടായിരുന്നുള്ളു. കുടുംബജീവിതത്തിൽ ഭർത്താവിനു അനിയന്ത്രിതമായ സ്വാതന്ത്ര്യമുണ്ടായിരുന്നതുകൊണ്ട് അയാൾ പലപ്പോഴും ഭാര്യയോടു നിർദ്ദയം വർത്തിക്കയൊ അവളെ യഥേഷ്ടം ത്യജിക്കയൊ ചെയ്തിരുന്നു. അടിമവ്യാപാരം സർവ്വത്ര വ്യാപിച്ചിരുന്നു. റോമ്മാ സാമ്റാജ്യത്തിൽ അറുപതുലക്ഷം യജമാനന്മാരുടെ കിഴിൽ പന്ത്രണ്ടുകോടി അടിമകളുണ്ടായിരുന്നത്രേ! യജമാനന്മാർ സ്വേച്ഛാനുസരണം അടിമകളെ കൊന്നിരുന്നു. അഗസ്റ്റസ് ചക്രവർത്തി ഒരുദിവസം ആറായിരം അടിമകളെ ബലികഴിച്ചു. വിലപിടിച്ച ഒരു വസ്സി (പിഞ്ഞാണി) പൊട്ടിച്ചതിനു ശിക്ഷയായി വേഡിയസ് പോളിയൻ ഒരടിമയെ അയാൾ വളർത്തിയിരുന്ന മത്സ്യത്തിനു തീററയായി ഇട്ടുകൊടുത്തു. ജനതതിയെ ആഹ്ളാദിപ്പിക്കുന്നതിനായി, രംഗസ്ഥലത്തു പരസ്പരയുദ്ധംചെയ്തും വന്യമൃഗങ്ങളാൽ ചീന്തപ്പെട്ടും മരിച്ച ദുർഗ്ഗസഹസ്രങ്ങളെപ്പററി എന്തു പറയട്ടേ! ക്ലോഡിയസ് ചക്രവർത്തിയുടെ ഭരണകാലത്തു ഫ്യൂച്ചിനസ് എന്ന സ്ഥലത്തുവച്ച് പല സന്ദർഭങ്ങളിലായി പത്തൊമ്പതിനായിരത്തോളം യോദ്ധാക്കൾ വെട്ടിക്കൊല്ലപ്പെട്ടതായി പറയപ്പെടുന്നു. അതു വളരെ മനോഹരമായ കാഴ്ചയായിരുന്നുവെന്നാണ് ചരിത്രകാരനായ ടാസിററസ് എഴുതിയിരിക്കുന്നത്. തീത്തുസ്, അയാളുടെ പിതാവിൻെറ ജന്മനക്ഷത്രാഘോഷാവസരത്തിൽ ക്ഷണിതാക്കളെ വിനോദിപ്പിക്കുന്നതിനായി മൂവായിരം യൂദന്മാരെ വന്യമൃഗങ്ങൾക്ക് എറിഞ്ഞുകൊടുത്തു. സർക്കസുകളിക്കായി വളർത്തിയിരുന്ന സിംഹങ്ങളെ, കലിഗുളാ, പോഷിപ്പിച്ചിരുന്നതു മനുഷ്യമാംസം കൊണ്ടാണ്. മനുഷ്യജീവനെ ഇപ്രകാ

രം നിരന്തരം ബലികഴിച്ചിരുന്നതുകൊണ്ട് വർഗ്ഗനാശം ആസന്നമായിരുന്നു. മനുഷ്യർ സത്യദൈവത്തെ പരിത്യജിച്ചതിൻെറ പരിതാപകര ഫലങ്ങളിൽ ഏതാനും മാത്രമാണ് ഇവ. ഈ വിലക്ഷണമൃഗത്തിൻെറ വായിൽനിന്നു നരവർഗ്ഗത്തെ രക്ഷിച്ചതു്, ഗാഗുൽത്താമലയിൽ ക്രൂശിക്കപ്പെട്ട ദൈവപുത്രനായ ഈശോയാണ്. പൂർവ്വസ്ഥിതിയിൽ നിന്നു വലിയ അന്തരംവരത്തക്ക ഒരു പരിവർത്തനം ലോകത്തിൽ ഇടക്കാലത്തുണ്ടായിട്ടുണ്ടെന്നു ഒരു നിരീക്ഷണമാത്രയിൽ ഇപ്പോൾ നമുക്കു മനസ്സിലാകുന്നു. അതേ, മ്ശിഹാ മനുഷ്യരെ പുനർജ്ജീവിപ്പിച്ചു. ഇതു സാധിക്കുന്നതിനു മൂന്നുമാർഗ്ഗങ്ങളെയാണ് സ്വീകരിക്കേണ്ടിയിരുന്നതു്.

(൧) മനുഷ്യപരിപൂർണ്ണതയുടെ ഒരു ആദർശം കൺമുൻപാകെ വയ്ക്കുക. (൨) അന്യൂനമായ ഒരു സാന്മാർഗ്ഗിക നിയമം സ്ഥാപിക്കുക. (൩) നന്മ, തിന്മ; സൽക്കർമ്മം, ദുഷ്കർമ്മം ഇവ തമ്മിലുള്ള അഭേദ്യമായ വ്യത്യാസത്തെ മനസ്സിൽ ആഴമായി പതിക്കുക. സാക്ഷാൽ ഇവയെല്ലാം മ്ശിഹാ ചെയ്തുകഴിഞ്ഞു. മനുഷ്യപരിപൂർണ്ണതയുടെ മാതൃകാപുരുഷനായി അവിടന്നു ഈലോകത്തിൽ പ്രത്യക്ഷനായി. ദൈവത്തിൻേറയും, നമ്മുടെ സമസൃഷ്ടിയുടേയും, നമ്മുടെ തന്നെയുംനേക്കു നമുക്കുള്ള അലംഘനീയ കടമകളെ വിശദവും സ്പഷ്ടവുമായി കാണിക്കുന്ന ഒരു നിയമസംഹിതയെ മ്ശിഹാ നമുക്കുതന്നു. സമത്വത്തിൻേറയും സഹോദരത്വത്തിൻേറയും പാവനങ്ങളായ തത്വങ്ങളെ അവിടന്നു സ്ഥാപിച്ചു. മനുഷ്യഗണം മുഴുവനും ഒരു കുടുംബവും, ദൈവം അതിൻെറ തലവനുമാകുന്നു. മനുഷ്യനായി അവതരിച്ച ദൈവകുമാരൻെറ ജനനി നമ്മുടേയും അമ്മയും, അവിടത്തെ ആരാധിക്കുന്ന ദൂതന്മാരും പുണ്യവാന്മാരും നമ്മുടെ സഹോദരങ്ങളുമാകുന്നു. നന്മതിന്മകൾക്കു നിത്യസമ്മാനമോ നിത്യശിക്ഷയോ പ്രതിഫലം ലഭിക്കും.

ജീവിതം ഒരു യാത്രയാകുന്നു. ഐഹികവാസം അനശ്വരമായ ഭവിഷ്യജ്ജീവിതത്തിൻെറ ഒരു പ്രതിഛായയാകുന്നു. സ്വർഗ്ഗലാഭത്തിനായി വേലചെയ്യുന്നതിനായിട്ടാണ് നമ്മേ ഇവിടെ ആക്കിയിരിക്കുന്നതു്. ഈ നാടകത്തിൻെറ അവസാനരംഗം പൊതുവിധിയായിരിക്കും. ആ ദിവസം ദുഷ്ടന്മാൎക്കു കോപഭയങ്ങളുടെയും ശിഷ്ടന്മാൎക്കു ജയസന്തോഷങ്ങളുടെയും ദിവസമായിരിക്കും. രഹസ്യമായിച്ചെയ്ത സകല പാപങ്ങളെ മാത്രമല്ലാ വിചാരങ്ങളെക്കൂടിയും നിത്യവിധികർത്താവു് അന്നു പരസ്യമാക്കും. അജയ്യമായ ഒരു ശക്തിയുടെ പ്രേരണയാൽ, പാപിയുടെ സകല അകൃത്യങ്ങളേയും അവൻതന്നെ പരസ്യമായി ഏററുപറയും. അഗ്നിയും ദുരിതങ്ങളും നിറഞ്ഞ ഭയങ്കരകൂപം അവൻെറ നിത്യവസതിയായിത്തീരുകയും ചെയ്യും. നീതിമാന്മാരാവട്ടെ, അവരുടെ കൎത്താവിൻെറ മഹത്വത്തിലേക്കു പ്രവേശിക്കും. സ്വാഭാവാതീതമായ ഒരു തേജസ്സ് അവരെ ആവരണംചെയ്യും. "മരണമാകട്ടെ, മനോവ്യഥയാകട്ടെ, രോദനമാകട്ടെ, ദുഃഖമാകട്ടെ ഒന്നും പിന്നിട്ടു് ഉണ്ടായിരിക്കയില്ല. എന്തുകൊണ്ടെന്നാൽ ഭൂതകാൎയ്യങ്ങളെല്ലാം കഴിഞ്ഞുപോയി." (വെളിപാ. ൨൧. ൪)

ഫാദർ ജോസഫ് പറേടം.

## സംസാരവൈചിത്ര്യം. (തുടർച്ച)

അല്ലയോ പരമനീതി സത്വമേ! എൻെറ സ്വാതന്ത്ര്യബുദ്ധിയും യുക്തിബോധവും ഇതിൽ കൂട്ടതലായി യാതൊന്നും തന്നെ നിന്നിൽനിന്ന് ആവശ്യപ്പെടുന്നില്ല അതിനാൽ നിൻെറ ഓരോ വാക്കും സത്യമായും പൂർണ്ണമായും ഞാൻ വിശ്വസിക്കുന്നു. ഓ! പരമാത്മാവേ! നീ ആദ്യന്തവിഹീനനും സർവ്വജ്ഞനും സ

വ്വശക്തനുമായ ഏക സവ്വേശ്വരനാകുന്നു. നീ ഏകപ്രകൃതിയോടും തുല്യഗുണത്തോടും കൂടിയ മൂന്നാളുകൾ ചേന്ന ത്രിത്വമാകുന്നു. ഞാനും എൻെറ സഹോദരങ്ങളായ മററു മനുഷ്യരും മറെറല്ലാ ചരാചരങ്ങളും നിൻെറ സൃഷ്ടിവൈഭവത്തിൻെറ ഫലമാകുന്നു. എൻെറ ആദ്യപിതാക്കന്മാർ നിന്നാൽ ദത്തമായിരുന്ന സ്വാതന്ത്ര്യത്തെ ദുഷ്പ്രയോഗിച്ച്, നിൻെറ ശക്തിക്കും നിൻെറ വാത്സല്യത്തിനും പ്രതികൂലമായി പ്രവത്തിച്ചതിനാൽ അനന്തമായ അവമാനം നിനക്കു വരുത്തിക്കൂട്ടി. അങ്ങനെ അനന്തമായ ശിക്ഷയ്ക്കു് അർഹന്മാരായിത്തീന്ന അവക്കും അവരുടെ സന്തതികൾക്കും നിൻെറ നീതിയുടെ പ്രവൃത്തിയിൽനിന്നു് ഓടിഒളിക്കാൻ നിവൃത്തിയില്ലാതായി. പക്ഷേ ആ അവസരത്തിൽ നിൻെറ ദയയുംസ്നേഹവും പ്രബലീഭവിച്ചു. അനന്തമായ കുററത്തിനു അനന്തമായ പ്രതിവിധി നീ കണ്ടുപിടിച്ചു. ത്രിത്വത്തിൻെറ രണ്ടാമാളായ നിൻെറ ഏക പുത്രൻ മനുഷ്യനായി ഭൂമിയിൽ അവതരിച്ച്, മനുഷ്യജാതിയുടെ കുററങ്ങൾ എല്ലാം സ്വന്തമായി സ്വീകരിച്ചു അതിനുവേണ്ട പ്രതിക്രിയ താൻതന്നെ ചെയ്യാമെന്നു നിശ്ചയിച്ച്, ദൈവിക നീതിയെ സമാധാനപ്പെടുത്തി. ഈ അവതാര പുരുഷനെ മനുഷ്യർ തെററിധരിക്കാതിരിപ്പാനായി അനേകം ശതവഷങ്ങൾക്കു മുമ്പിൽതന്നെ നിൻെറ പ്രവാചകന്മാർ വഴിയായി ഈ "മനുഷ്യദൈവ"ത്തിൻെറ ഒരു ജീവചരിത്രം നീ എഴുതി. ഇതിൻെറ പൂത്തീകരണംകൊണ്ടുമാത്രം അന്ധകാരത്തിലും അവിശ്വാസത്തിലും മുങ്ങിക്കിടന്നിരുന്ന മനുഷ്യർ നിൻെറ ദൈവത്വത്തെ മനസ്സിലാക്കി, നിൻെറ ഉപദേശങ്ങളെ സ്വീകരിക്കയില്ലെന്നറിഞ്ഞ്, നിൻെറ ഐഹിക ജീവിതദശയെ മനുഷ്യാതീതങ്ങളായ അനേകം അത്ഭുതകൃത്യങ്ങളാൽ നീ അലങ്കരിച്ചു. എന്നാൽ എൻെറ കുററങ്ങൾ നീ കയ്യേററതിനാൽ അവയ്ക്കു വേണ്ട ശിക്ഷകളും അനുഭവിക്കുന്നതിനു നീ നിശ്ചയിച്ചു. എൻെറ അഹംഭാവത്തേയും അന്യരുടെ പ്രശംസയിലുള്ള അത്യാഗ്രഹത്തേയും പരിഹരിക്കുന്നതിനായി സവ്വൈകനാഥനും രാജാക്കളുടെ രാജാവുമായ നീ ഒരു വേലക്കാരനായി ജനിച്ചു. സകല അവമാനങ്ങളേയും സ്വീകരിച്ച് നിൻെറ ആത്മാഭിമാനത്തെ ദൈവനീതിക്കു ബലികഴിച്ചു. സവ്വഥാ ഇന്ദ്രിയസുഖങ്ങളിൽ ബദ്ധശ്രദ്ധനായിരിക്കുന്ന എന്നെ, ദൈവകോപത്തിൽ നിന്നും രക്ഷിക്കുന്നതിനായി തീവ്രമായ തപസ്സിനും ക്രൂരമായ ദേഹദണ്ഡനങ്ങൾക്കും, നിൻെറ ശരീരത്തെ വിട്ടുകൊടുത്തു. അവസാനമായി ഒരു പരമ ഹീനനെപ്പോലെ സകലരാലും ത്യജിക്കപ്പെട്ടും സകലരാലും ഹസിക്കപ്പെട്ടും ഒരു കഴുവാൽ നീ ഹനിക്കപ്പെട്ടു.

എൻെറ ദൈവമേ! ഇതിൽ കൂടുതലായി എനിക്കുവേണ്ടി എന്താണു ചെയ്യാൻ കഴിയുന്നതു് എന്നു വിചാരിക്കുന്നതിനുകൂടി എനിക്കു ബുദ്ധിശക്തിയില്ല. ഇവയ്ക്കു് ഏതെങ്കിലും വിധത്തിൽ ഒരു പ്രതിഫലം ചെയ്യുന്നതിനു് എന്നാൽ സാധ്യമല്ല. എന്നാൽ എന്തെങ്കിലും എനിക്കു ചെയ്വാൻ സാധിക്കുമെങ്കിൽ അതു് ദയയോടെ എന്നിൽനിന്നു നീ സ്വീകരിക്കേണമെ. എന്താകുന്നു ഞാൻ ചെയ്യേണ്ടതു് എന്നു് എന്നോടു നീ കല്പിക്കേണമെ. നീ പറയുന്നു– "എന്നെ അനുകരിക്കുന്നതിനു ആഗ്രഹിക്കുന്നവർ, അവരുടെ കുരിശുകളെ ചുമന്നുകൊണ്ടു് എൻെറ പിന്നാലെ വരട്ടെ". എൻെറ കത്താവേ! അപ്രകാരം പ്രവത്തിക്കുന്നതിനു ഞാൻ സന്നദ്ധനായിരിക്കുന്നു. എൻെറ കുരിശാകുന്ന സകല ദുഃഖങ്ങളും നിന്നെപ്രതി സഹിക്കുന്നതിനു ഞാൻ തിർച്ചയാക്കിയിരിക്കുന്നു. നിനക്കായി കൂടുതൽ ദുഃഖങ്ങൾ അനുഭവിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. പിന്നെയും നീ പറയുന്നു: "എന്നോടുകൂടി ദുഃഖം അനുഭവിക്കുന്നവൻ എന്നോടുകൂടി മഹത്വപ്പെടുകയും ചെയ്യും". അതെ, നിന്നോടുകൂടി നിത്യമായി പാരത്രികസന്തോഷത്തെ ഞാൻ അനുഭവിക്കും. ഈ ലോകത്തിൽ ദുഃഖങ്ങൾ കാണുന്നതിൽ ഞാൻ ഒട്ടുംതന്നെ അത്ഭുതപ്പെടുന്നില്ല. പിറുപിറുക്കുന്നില്ല; നിരാശപ്പെടുന്നുമില്ല. നേരേമറിച്ച്, തുച്ഛങ്ങളായ ദുഃഖങ്ങൾ വഴിയായി നിത്യമായ സന്തോഷത്തിനു് നീചനായ എന്നെ യോഗ്യനാക്കിത്തീ

ക്കാമെന്നു വച്ച നിന്റെ ദയാധിക്യം എന്നെ വിസ്മയിപ്പിക്കുന്നു. ഇതാണല്ലൊ എന്റെ ജീവിതത്തിന്റെ പരമോദ്ദേശ്യം. ഇതാണല്ലൊ സംസാര രഹസ്യം. നിത്യമായ രക്ഷക്കായോ നിത്യമായ ശിക്ഷക്കായോ എന്റെ ഭാവിയെ തീർച്ചയാക്കുന്ന ഒരു പരീക്ഷാസമയം മാത്രമാണല്ലൊ ഐഹികജീവിതം. അതു ഞാൻ ദുഷ്പ്രയോഗിക്കയില്ല എന്തുകൊണ്ടെന്നാൽ, സകല സുഖങ്ങളേക്കാളും സകല ധനങ്ങളേക്കാളും അത് എനിക്കു വിലയേറിയതാകുന്നു. ആകയാൽ ഈ സംസാരം അത്യന്തം വിചിത്രം മാത്രമല്ല സംസാരോയമതീവ വിശിഷ്ടഃ.

ജോൺ വട്ടക്കാട്ടുശേരി ബി. ഏ.
(ഓണേഴ്സ്)

## മലയാളത്തിലെ യാക്കോബായ സഭയെക്കുറിച്ച് ഒരു നിരൂപണം.

നമ്മുടെ യാക്കോബായ സഹോദരന്മാർ ഇപ്പോൾ പുതിയ ബാവാക്കക്ഷിയും പുതിയ മെത്രാൻ കക്ഷിയുമായി ഭിന്നിച്ചിരിക്കയും, കോട്ടയത്തുള്ള നാലഞ്ചു പള്ളികൾ കക്ഷിവഴക്കു മുഖാന്തിരം പല വത്സരങ്ങളായി പൂട്ടിക്കിടക്കയും ചെയ്യുന്ന ഈ അവസരത്തിൽ വട്ടിപ്പണക്കേസ് പ്രമാദമായി നടന്നുകൊണ്ടിരിക്കുന്നു. പ്രത്യേക ജഡ്ജിയുടെ വിചാരണയിൽ ഇരിക്കുന്ന ഈ കേസിന്റെ പര്യവസാനം കാണ്മാൻ യാക്കോബായക്കാർമാത്രമല്ല, മലങ്കരനിവാസികളെല്ലാവരും മഹാ വാഞ്ഛയോടെ പ്രതിക്ഷിച്ചിരിക്കുന്നു. എന്നാൽ വിധി പുറപ്പെടുന്ന ക്ഷണത്തിൽ വിജയം നേടുന്ന കക്ഷി അഹങ്കരിക്കയും തോൽക്കുന്ന കക്ഷി ഏതെങ്കിലും ഒരു പുതിയ മാർഗ്ഗത്തിലേക്കു ഗമിക്കയും ചെയ്യുമെന്നു ഭരണതന്ത്രജ്ഞന്മാർ പ്രവചിക്കുന്നുണ്ട്. പുതിയ മാർഗ്ഗത്തിലേക്കു കാൽതെററി വെക്കുന്നതിനു പകരം തങ്ങളുടെ പിതാക്കന്മാരുടെ പൂർവ്വവിശ്വാസത്തിലേക്കു പിന്തിരിവാൻ സംഗതിവരുന്നതിന്നായി, യാക്കോബായ സഭയുടെ ഉത്ഭവത്തെക്കുറിച്ചു ഒരു നിരൂപണം ചെയ്യുന്നതു സന്ദർഭോചിതമായിരിക്കും.

൧. മലയാളത്തിൽ പൂർവ്വം മുതൽ കത്തോലിക്കു വിശ്വാസത്തിൽ സ്ഥിരമായി നിൽക്കുന്ന മാർ തോമ്മാനസ്രാണികളുടെ ഒരു ഭാഗം "പുത്തൻകൂർ" എന്ന അഭിധാനത്തിൽ പിൻമാറിയതു എപ്പോൾ? അതു എന്തുമുഖാന്തിരം? (൨). "പുത്തൻകൂററുകാർ" യാക്കോബായ വിശ്വാസം എങ്ങിനെ സ്വീകരിച്ചു? അതു എന്നുമുതൽക്കു? ൩). ഇപ്പോൾ യാക്കോബായസഭയുടെയും അതിലെ വിശ്വാസത്തിന്റെയും സ്ഥിതി എന്തു? ഈ മൂന്നു സംഗതികളെക്കുറിച്ചും ആലോചിക്കുമ്പോൾ സത്യം വെളിപ്പെടുന്നതാണ്.

൧. മാർത്തോമ്മാ നസ്രാണികൾ കത്തോലിക്കാ വിശ്വാസത്തിൽ സ്ഥിരമായി നിൽക്കയിൽ, ഒടുവിൽ അവരെ ഭരിച്ചിരുന്ന സുറിയാനിമെത്രാനായ മാർ അവുറാഹം ൧൫൯൭-ൽ അങ്കമാലിപ്പള്ളിയിൽവച്ചു നിര്യാതനായി; അദ്ദേഹം അവിടെത്തന്നെ സംസ്കരിക്കപ്പെടുകയും ചെയ്തു. ഉത്തമ കത്തോലിക്കനായ ഈ മാർ അവുറാഹം മെത്രാനെക്കുറിച്ചു മാർപ്പാപ്പായുടെ തിരുവെഴുത്തുകളും അന്നു മലയാളത്തുണ്ടായിരുന്ന ജസ്വീററുപാദ്രിമാരും ധാരാളം വ്യക്തമായി പറയുന്നുണ്ട്. ഇക്കാലംവരെ മലയാളത്ത് യാതൊരു "പുത്തൻ"കൂറുമുണ്ടായിട്ടില്ല; യാക്കോബായകക്ഷിയുമുണ്ടായിട്ടില്ല. ഇപ്പോൾ "പഴയ കൂററുകാർ" എന്നും "റോമ്മാ സഭക്കാർ" എന്നു പറയപ്പെടുന്ന കത്തോലിക്കു സുറിയാനി സഭ മാത്രമെ അന്നുണ്ടായിരുന്നുള്ളു. എന്നാൽ മാർ അവുറാഹം മെത്രാൻ മരിച്ചശേഷം, ഗോവമെത്രാപ്പോലീത്താ ആയ മേനേസിസ് റോ

മ്മായിൽനിന്നു ചില അധികാരങ്ങളും വാങ്ങിക്കൊണ്ടു നമ്മുടെ സുറിയാനിപ്പള്ളിക്കാരെല്ലാവരേയും ൧൫൯൯-ൽ ഉദിയമ്പേരൂർ പള്ളിയിൽ ഒരു സൂനഹദോസായി വിളിച്ചുകൂട്ടി. ഈ സൂനഹദോസിൽവച്ചു നമ്മുടെ സുറിയാനിപ്പള്ളികളെ ഭരിക്കുന്നതിന്നായി ചേന്ദമംഗലത്തു വൈപ്പിക്കോട്ടു സെമ്മിനാരിയിൽ റെക്ത്തോരായിരുന്ന ബ. ഫ്രാൻസീസ്ക്കോസ് റോസ് എന്ന ജസ്വീറ്റു പാദ്രിയെ മെത്രാനായി മെനേസീസ് മെത്രാപ്പോലീത്താ നിയമിച്ചു. ഇതു സുറിയാനിപ്പള്ളിക്കാൎക്ക് അകപ്പാടെ രസിച്ചില്ലെങ്കിലും, മാർ അവ്രാഹം മെത്രാൻ മരിച്ചിട്ടു വേറെ സുറയാനി മെത്രാൻ ഇല്ലാതിരുന്നതുകൊണ്ടു ഒരു വിധം സമ്മതിച്ചുഎന്നുപറയാം. ലത്തിൻകാരനായ ഫ്രാൻസിസ്ക്കോസ് റോസ് മെത്രാന്നു സുറിയാനി നന്നായി അറിയാമായിരുന്നു. ഇദ്ദേഹത്തിന്നു ശേഷം, സ്റ്റീഫൻ ദെബ്രീത്തോ എന്ന ജസ്വീറ്റു പാദ്രി ൧൬൨൪-ൽ പിൻഗാമിയായി വാഴ്ചയേറ്റു. ഇദ്ദേഹം ൧൬൪൧-ൽ മരിക്കയും പിൻഗാമിയായിഫ്രാൻസിസ്ക്കോസ് ഗാർസ്യാ എന്നജസ്വിറ്റ് പാദ്രി പ്രസ്തുതആണ്ടിൽത്തന്നെ മെത്രാനായി വാഴ്ചയേൽക്കയും ചെയ്തു. ഇദ്ദേഹത്തിന്റെ കാലത്തു സുറിയാനിക്കാരുടെ അതൃപ്തി വൎദ്ധിക്കയും, അൎക്കദിയാക്കോൻ സുറിയാനി മെത്രാനെ കിട്ടുവാനായി ബാബേലിലേക്കും, അന്ത്യോക്യായിലേക്കും, അലക്സാന്ത്ര്യായിലേക്കും അപേക്ഷ അയച്ചു. അഹത്തുള്ളാ എന്നു പേരായ ഒരു സുറിയാനി മെത്രാൻ അതനുസരിച്ചു ൧൬൫൨-ൽ സൂററ്റിൽ വന്നുചേൎന്നു. ഇദ്ദേഹത്തെ പൊൎത്തുഗീസുകാർ മലയാളത്തേക്കു വിടാതെ തടുത്തു. എങ്കിലും മെത്രാൻ രണ്ടു ശെമ്മാശ്ശന്മാർ വഴിയായി മലയാളത്തേക്ക് എഴുത്തയച്ചു തന്റെ വരവിന്റെ വിവരം അറിയിച്ചു. മെത്രാൻ, പൊൎത്തുഗീസുകാരുടെ കപ്പലിൽ കയറി കൊച്ചിയിൽ വന്നപ്പോൾ, സുറിയാനിക്കാർ വലിയ കൂട്ടംകൂടി തങ്ങളുടെ മെത്രാനെ വിട്ടുതരണമെന്നു പറങ്കികളോട് ആവശ്യപ്പെട്ടു. അവർ മെത്രാനെ വിട്ടുകൊടുക്കാതെ നിൎദ്ദയമായിപ്പെരുമാറുകയാൽ സുറിയാനിക്കാർ മട്ടാഞ്ചേരിൽ കൂനൻകുരിശിന്മേൽ കയറുകെട്ടിപ്പിടിച്ചുകൊണ്ട്, ഇനി പറങ്കികളോടുചേരുന്നതല്ലെന്നു ശപഥംചെയ്തു. ഇപ്രകാരം പറങ്കികളോടു കോപിച്ച് നമ്മുടെ പൂൎവ്വന്മാർ അന്നു വാണിരുന്ന ഫ്രാൻസിസ്ക്കോസ് ഗാർസ്യാ മെത്രാനെ ഉപേക്ഷിച്ചു. ഈ ശീശ്മയിൽ എല്ലാ സുറിയാനിക്കാരും ചേൎന്നില്ല; തല്ക്കാലം കൊച്ചിയിൽ ചെന്നെത്തുവാൻ സൌകൎയ്യപ്പെട്ടവർ മാത്രമേ സംബന്ധിച്ചുള്ളൂ. എന്നാൽ ഈ പുതിയ കക്ഷിയിൽ മെത്രാനില്ലായ്കയാൽ ൧൬൫൩ മെയ് ൨൨-ാംനു പന്ത്രണ്ടു പട്ടക്കാർകൂടി അൎക്കദിയാക്കോൻ തോമ്മായെ മെത്രാനായി വാഴിച്ചു സാധുവല്ലാത്ത ഈ കൎമ്മംമൂലം അൎക്കദിയാക്കോന്നു മെത്രാന്നടുത്ത യാതൊരു അധികാരവും നൽകപ്പെട്ടില്ല എങ്കിലും അദ്ദേഹം മെത്രാന്റെ അധികാരപ്രവൃത്തികൾ അവാസ്തവമായി നടത്തിപ്പോന്നു. ഇപ്രകാരമാണു "പുത്തൻകൂർ" ഉണ്ടായത്. ഇത് കത്തോലിക്കാ സഭയോടുള്ള ദ്വേഷമോ, അതിന്റെ സത്യപഠനത്തോടുള്ള വിരോധമോ കൊണ്ടല്ല ഉത്ഭവിച്ചത്; പറങ്കികളുടെനേരെ ഉണ്ടായ വെറുപ്പും, അവർ കാണിച്ച കഠിനപ്രവൃത്തികളാൽ ഉൽഭൂതമായ കോപവും മാത്രമാണ് ഈ ശീശ്മകക്ഷി ഉണ്ടാവാനുള്ള വാസ്തവമായ കാരണം. എന്നാൽ ഈ കക്ഷിക്കാരെ സമാധാനപ്പെടുത്തുവാൻ റോമ്മായിൽ നിന്നു ൭-ാം അലക്സന്ത്രോസ് മാപ്പാപ്പാ അയച്ച കൎമ്മെലീത്താ മിഷ്യനറിമാരുടെ ഉപദേശത്താൽ ശീശ്മക്കാർ അനേകർ മാനസാന്തരപ്പെടുകയും പഴയക്കൂറ്റിലേക്കു വഴങ്ങുകയും ചെയ്തു.

൨). മട്ടാഞ്ചേരിൽ കൂനൻകുരിശിന്റെ ചുവട്ടിൽ മുളച്ച "പുത്തൻകൂർ" കക്ഷി അൎക്കിദിയാക്കോൻ തോമ്മായെ മെത്രാന്റെ വേഷം ധരിപ്പിച്ചുവെങ്കിലും മെത്രാസ്ഥാനം ഉണ്ടായിരുന്നില്ല. ഇങ്ങിനെയിരിക്കെ ൧൬൬൫-ൽ മാർ ഗ്രിഗോരിയോസ് എന്നു പേരായ ഒരു യാക്കോബായ മെത്രാൻ മലയാളത്തുവന്നു. ഇദ്ദേഹമാണ് മലയാളത്തിൽ ആദ്യം കാൽചവുട്ടിയ യാക്കോബായക്കാരൻ. ഇദ്ദേഹം "പുത്തൻകൂർ"കക്ഷിയുടെ നേതാവായ അൎക്കിദിയാക്കോൻ തോമ്മാസ്സു മെത്രാഭിഷേകം കൊടുത്തു. അന്നു മുതൽ ൧-ാം

മാർ തോമ്മാ എന്ന നാമം ധരിച്ചുംകൊണ്ടു നമ്മുടെ പുതിയ മെത്രാൻ "പുത്തൻകൂററുകാർ" എല്ലാവരേയും ഭരിച്ചുതുടങ്ങി. ഈ സമയത്താണ് നമ്മുടെ സഹോദരന്മാർ വെറും ശീശ്മയിൽ നിന്നു യാക്കോബായ എടത്തൂട്ടിലേക്കു അറിയാതെ തന്നെ ഗമിച്ചതു്. യാക്കോബായ മതത്തിൻെറ പഠനങ്ങൾ എന്തെന്നു് മനസ്സിലാക്കാതെ, അക്കാലത്തു വന്നുചേന്ന സുറിയാനിമെത്രാനെ അനുകരിച്ചു നടക്കണമെന്നു മാത്രമേ പ്രധാന ഉദ്ദേശ്യമുണ്ടായിരുന്നുള്ളു. വന്നയാൾ നെസ്തോറീസ്കാരനായിരുന്നുവെങ്കിൽ, ഇന്നത്തെ നമ്മുടെ യാക്കോബായ സഹോദരന്മാർ നെസ്തോറീസ്കാർ ആയിരുന്നേനെ. എന്നാൽ പ്രസ്തുത മാർ ഗ്രീഗോറിയോസ് മെത്രാൻ യാക്കോബായ മതസ്ഥനും അന്ത്യോഖ്യായിലെ ൨൩-ാം ഇഗ്നാത്തിയോസ് എന്ന യാക്കോബായ പാത്രിയക്കീസിനാൽ അയക്കപ്പെട്ടവനുമായിരുന്നതിനാൽ, നമ്മുടെ സഹോദരന്മാർ യാക്കോബായ മതസ്ഥരും അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസിന്നു അധീനരുമായിത്തീന്നു.

൩. ഇപ്പോൾ "പുത്തൻകൂർ" ഉണ്ടായിട്ടു ൨൭൧ വത്സരങ്ങളും, അവർ യാക്കോബായ എടത്തൂട്ടിലേക്കു വീണിട്ടു ൨൫൫ വത്സരങ്ങളുമായിട്ടുണ്ടു്. ഇക്കാലത്തിന്നിടയ്ക്കു മാത്തൻ മെത്രാൻെറ കാലത്തു "നവീകരണക്കാർ" പുതിയ കക്ഷിയായി വേർതിരിഞ്ഞു. സി. എം. എസ്. എന്നു സാധാരണ പറയപ്പെടുന്ന ചർച്ച് മിഷ്യൻ സൊസയററിക്കാരായ പ്രോട്ടേസ്റ്റാണ്ടു മിഷ്യനറിമാരോടു ചേന്നു വേറൊരു കക്ഷിക്കാർ ഇപ്പോൾ പ്രോട്ടെസ്റ്റാണ്ടുകാരുമായിരിക്കുന്നു. മുൻകാലങ്ങളിൽ "ബാവാകക്ഷി" എന്നും "മെത്രാൻകക്ഷി" എന്നും പറഞ്ഞാൽ, അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസിനെ അനുകരിച്ചു നിൽക്കുന്ന യാക്കോബായ കക്ഷി എന്നും, മാത്തൻ മെത്രാനെ അനുകരിക്കുന്ന നവീകരണ കക്ഷി എന്നും അത്ഥമായിരുന്നു. എന്നാൽ സമത്ഥനായിരുന്ന പുലിക്കോട്ടു മെത്രാൻെറ കാലം കഴിഞ്ഞതിൽപിന്നെ പഴയ "ബാവാക്കക്ഷി" തന്നെയാണ് ഇപ്പോൾ പുതിയ "ബാവാക്കക്ഷി"യും പുതിയ "മെത്രാൻ കക്ഷി"യുമായി ഭിന്നിച്ചിരിക്കുന്നതു്. ഈ കടശികാലത്തു നാട്ടിൽ വന്ന അബ്ദേദ്മ്ശിഹാ പാത്രിയക്കീസിനെ സ്വീകരിക്കുന്നവർ പുതിയ ബാവാക്കക്ഷിയും, പുലിക്കോട്ടു മെത്രാൻെറ പിൻഗാമിയായി മലങ്കരയുടെ മെത്രാൻ എന്ന നിലയെ അർഹിക്കുന്ന വടശ്ശേരിൽ ദിവന്നാസ്യോസ് മെത്രാനോടു ചേന്നിരിക്കുന്നവർ പുതിയ മെത്രാൻകക്ഷിയുമായിരിക്കുന്നു. ഈ രണ്ടു കക്ഷികളും തമ്മിൽ നടന്നിട്ടുള്ള ലഹളകളും കേസുകളും ഇവിടെ വിസ്തരിച്ചിട്ടാവശ്യമില്ല. കോട്ടയത്തു പഴയ സെമ്മിനാരിയിൽ നടന്ന കലഹവും, ആനപ്പാപ്പിയുടെ കൊലക്കേസും മററും പ്രസിദ്ധമാണല്ലൊ. പണ്ടു "അന്ത്യോക്യാ പാത്രിയക്കീസ്" എന്നും, "ബാവാ" എന്നും പറഞ്ഞാൽ ഈ കൂട്ടക്കു മഹാ വണക്കവും ബഹുമാനവുമായിരുന്നു. എന്നാൽ ആദ്യം അബ്ദേദ്മ്ശിഹാ പാത്രിയക്കീസും, പിറകെ സ്ഥാനഭ്രഷ്ടനായ അബ്ദല്ലാ പാത്രിയക്കീസും മലയാളത്തു് ചെയ്ത പ്രവൃത്തികൾ കണ്ടപ്പോൾ ആ ബഹുമാനവും വണക്കവും നാടുകടന്നിരിക്കുന്നു. രണ്ടു പാത്രിയക്കീസന്മാരെക്കുറിച്ചും എതിർകക്ഷിക്കാർ പുറപ്പെടുത്തിയ കണ്ണൂശൂലങ്ങളായ ലഘുലേഖകൾ ഇന്നും ലഹളയുടെ അവശിഷ്ടങ്ങളായി ശേഷിച്ചിരിക്കുന്നു. വട്ടിപ്പണക്കേസു ഇപ്പോൾ വിസ്തരിക്കപ്പെട്ടുവരികയും ചെയ്യുന്നു. മലയാളത്തിലെ യാക്കോബായ സഭ ഇപ്രകാരം സമുദായ വിഷയത്തിൽ നന്നാക്കുഴഞ്ഞിരിക്കുന്നു. എന്നാൽ ഇതിലെ വിശ്വാസത്തിൻെറ നില ഇതിനെക്കാൾ അധികം കുഴപ്പത്തിലാണ്. യഥേഷ്ടം എല്ലാവക്കും മതവിഷയത്തിൽ പ്രവത്തിക്കാം. പാത്രിയക്കീസ് ബാവായും പൊടിഞ്ഞു; മെത്രാച്ചന്മാരും പൊടിഞ്ഞു. തെററു ചെയ്യുന്നവരെ ശിക്ഷിപ്പാൻ ആരുമില്ല. കഴിഞ്ഞയാണ്ടിൽ പ്രോട്ടെസ്റ്റാണ്ടു ബിഷോപ്പന്മാരെ യാക്കോബായ പള്ളികളിൽ വരുത്തി മതവിഷയപ്രസംഗങ്ങൾ നടത്തിച്ചു. വേലി വിളവു തിന്നാൽ, പിന്നെ എന്തു പറയേണ്ടു? സമുദായനാവുപോലെയിരിക്കുന്ന "മലയാളമനോരമ"യിൽ ഏതു മതവും ഒരുപോലെ അംഗീകൃതമാണ്. ഈ മാർച്ചുമാസം

൮൮-ാംനു-യിലെ "മനോരമ"യിൽ അയ്യങ്കാരുടെ അഗ്നിക്കാവടിയും തൻമൂലം നടന്ന വിസ്മയ സംഭവങ്ങളും എത്ര വിശ്വാസ്യതയോടെ പ്രസിദ്ധീകരിച്ചിരിക്കുന്നു. യാക്കോബായ സഭയുടെയും അതിലെ വിശ്വാസത്തിന്റെയും സ്ഥിതി ഇങ്ങിനെ പരിതാപകരമാണെങ്കിലും, ആ സമുദായത്തിൽ പെട്ട അനേക നല്ല കുടുംബങ്ങൾ "സുവിശ്വാസ"ത്തിൽ ജീവിക്കയും നോമ്പു, ജപം മുതലായവ മനസ്സാക്ഷി പ്രകാരം അനുഷ്ഠിച്ചുവരികയും ചെയ്യുന്നുണ്ട്. ഇവൎക്കു തങ്ങളുടെ പിതാക്കന്മാരുടെ പൂൎവ്വ വിശ്വാസത്തിലേക്കു പിന്തിരിവാൻ പ്രയാസമുണ്ടാകയില്ല.

ഇംഗ്ലണ്ട് ൮-ാം ഹെന്ത്രിയുടെ കാലത്തു കത്തോലിക്കാ വിശ്വാസത്തിൽനിന്നു മാറി പ്രോട്ടെസ്റ്റാണ്ടു മതം സ്വീകരിച്ചു. ഇതു രാജാവിന്റെ നിൎബ്ബന്ധത്താൽ സംഭവിച്ചതാണ്. എന്നാൽ ഒന്നുരണ്ടു തലമുറകൾ കഴിഞ്ഞപ്പോൾ കത്തോലിക്കാ സത്യവിശ്വാസത്തെപ്പററി യാതൊരു അറിവും ആ നാട്ടുകാൎക്കു ഇല്ലാതെ ആയി. കുറേക്കാലംമുമ്പ് ഒക്ക്സ്ഫോൎഡ് സൎവ്വകലാശാലയിൽ ചില മഹാന്മാർ കൂടി മതസംബന്ധമായി ഒരു അന്വേഷണം നടത്തി. ഇതിന്റെ ഫലമായി ഈശോമ്ശിഹാ സ്ഥാപിച്ച ഏക കത്തോലിക്കാ സഭ മാത്രമേ സത്യ തിരുസഭ ആകുന്നുള്ളു വെന്നും, തങ്ങളുടെ പിതാക്കന്മാർ ഈ സത്യസഭയുടെ അംഗങ്ങളായിരുന്നുവെന്നും, ഇപ്പോൾ തങ്ങൾ നിൽക്കുന്ന സഭ ൮-ാം ഹെന്ത്രി സ്ഥാപിച്ചതാണെന്നും തെളിഞ്ഞു. അന്നുമുതൽ വലിയ ചിറ പൊട്ടിയതുപോലെ ഇംഗ്ലണ്ടിൽ ജനങ്ങളും പാദ്രിമാരും പ്രോട്ടെസ്റ്റാണ്ടുമതം ഉപേക്ഷിച്ചു, കത്തോലിക്കാ സത്യ തിരുസഭയിലേക്കു പിന്തിരിഞ്ഞുവരുന്നുണ്ട്. ഇതു നമ്മുടെ യാക്കോബായ സഹോദരന്മാൎക്കു നല്ല ദൃഷ്ടാന്തമായിരിക്കട്ടെ! ഇവരുടെ പുനരൈക്യത്തിന്നായി നാമെല്ലാവരും ദൈവത്തോടു പ്രത്യേകം അപേക്ഷിക്കണം.

ഫാദർ അലക്ക്സാണ്ടർ സി. ഡി.

ഐക്യരാജ്യങ്ങളിൽ പ്രതിവൎഷം ൪൦,൦൦൦ പ്രോട്ടസ്റ്റണ്ടുകാർ കത്തോലിക്കാ തിരുസഭയിലേക്കു പിന്തിരിയുന്നുണ്ടെന്നു കണക്കുകൊണ്ടു കാണുന്നു.

## അൽഭുതങ്ങളിൽവച്ച് മഹാ അൽഭുതം.

ടൈബേരിയസ് എന്ന റോമാ ചക്രവൎത്തിയുടെ ഭരണകാലത്തിൽ യൂദേയനാട്ടിൽ ജറുസലം എന്ന പട്ടണത്തിൽവച്ച് യേശു എന്ന നാമധേയത്തോടുകൂടിയ ഒരു യഹൂദനെ കുരിശിൽ തൂക്കിക്കൊന്നു എന്നുള്ളതു് പുരാതന ക്രിസ്ത്യാനികളുടെ ഇടയിൽ എന്നുമാത്രമല്ലാ അക്രിസ്ത്യരായ ഗ്രീക്കുകാർ, റോമാക്കാർ, യഹൂദർ എന്നവരുടെയിടയിലും ഉണ്ടായിരുന്ന അനേകം ഗ്രന്ഥകൎത്താക്കളും ദൃക്സാക്ഷികളും രേഖപ്പെടുത്തിയിട്ടുള്ള ഒരു ചരിത്രസംഭവമാണ്. ഇതിന്റെ തുടൎച്ചയായിട്ടു്, നമ്മൾതന്നെ കണ്ടനുഭവിച്ചുവരുന്ന വേറൊരു സംഗതി എന്തെന്നാൽ: ലോകം ഒട്ടുക്കുമുള്ള വിവിധജാതികളിൽ ലക്ഷോപലക്ഷം ജനങ്ങൾ കഴുവിന്മേൽ തൂക്കിക്കൊല്ലപ്പെട്ട ഈ യഹൂദനെ തങ്ങളുടെ ദൈവമായി ആരാധിച്ചു പോരുന്നു എന്നുള്ളതാണ്. മേല്പറഞ്ഞ രണ്ടു സംഗതികളേയും നാം ഒത്തുനോക്കി ആലോചിക്കുന്നുവെങ്കിൽ നമ്മുടെ മനസ്സ് ഒരു വിഷമദശയേ പ്രാപിക്കുന്നു. ഇത്രയധികം ജനങ്ങൾ, ഈ തൂക്കിക്കൊല്ലപ്പെട്ട യഹൂദനെ ദൈവമായി ആരാധിപ്പാൻ എന്നുമാത്രമല്ല, അയാൾ പ്രസംഗിച്ച തത്വങ്ങളെപ്പററി കഷ്ടാരിഷ്ടങ്ങൾ അനുഭവിക്കുന്നതിനും, ഇവരിൽ അനേകംപേൎക്ക് സാക്ഷാൽ സംഭവിച്ചതുപോലെയുള്ള, മരണത്തെ

ക്കൂടി കൈക്കൊള്ളുന്നതിനും എങ്ങിനെ മനസ്സായി എന്നുള്ള വിഷമചോദ്യം ഏവരുടേയും മനസ്സിൽ ഉദിക്കുന്നതാണ്.

ഏകദേശം ൧൯ ശതവൎഷങ്ങൾക്കു മുമ്പായി യേശുക്രിസ്തു എന്ന നാമധാരകനായ ഒരു യഹൂദൻ അനേക കാലമായി യഹൂദരാൽ പ്രതീക്ഷിക്കപ്പെട്ടിരുന്ന "മിശിഹാ" താൻതന്നെയാണെന്ന് തന്നെത്താൻ ഭാവിച്ചുകൊണ്ടും, നിത്യ ദൈവത്തിന്റെ വചനവും, ആകയാൽ ദൈവംതന്നെയാണ് താൻ എന്നു വാദിച്ചുകൊണ്ടും സൎവ്വസാമാന്യമെന്നു നടിക്കുന്നതായ ഒരു മതസംഘത്തെ സ്ഥാപിക്കയുണ്ടായി. സ്വജാതിക്കാരുടെ താല്പൎയ്യപ്രകാരംതന്നെ, ഈ യഹൂദൻ അന്ന് യൂദേയനാട്ടിലെ രാജ്യാധികാരിയായിരുന്ന പന്തിയോസ് പീലാത്തോസിന്റെ കല്പനയനുസരിച്ച് ഒരു മഹാ പാതകിയായി തൂക്കിക്കൊല്ലപ്പെട്ടു; പക്ഷെ അതിനിന്ദാവഹമായ ആ മരണത്തിൽനിന്ന് മൂന്നു ദിവസങ്ങൾക്കുശേഷം താൻ ഉയൎത്തെഴുന്നേൽക്കുമെന്ന് മരിക്കുന്നതിനുമുമ്പായി തന്റെ ശിഷ്യരോട് അദ്ദേഹം വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. ഈ വാഗ്ദാനം അയാൾ നിറവേററിയെന്നുള്ളതു നിസ്സംശയമായ സംഗതിയാണെന്ന് അയാളുടെ ഉത്ഥാനശേഷം, അയാളെ കാണുകയും സ്പൎശിക്കയും അയാളോടുകൂടി സംസാരിക്കയും, ഭക്ഷണം കഴിക്കുകയും ചെയ്തു ദൃക്സാക്ഷികളുടെ നിരാക്ഷേപ്യമായ തെളിവുകൾ നിസ്സംശയം സ്ഥിരീകരിക്കുന്നു.

അയാൾ ഉത്ഥാനാനന്തരം നിൎദ്ധനരും അറിവില്ലാത്തവരുമായ ൧൨ ആളുകളെ സ്വമതതത്വത്തെ പ്രസംഗിക്കുന്നതിന്നും, തന്റെ മരണത്തേയും ഉത്ഥാനത്തേയും പററിയുള്ള സംഗതികളെ ലോകമൊട്ടുക്കും പരസ്യമാക്കുന്നതിനും നിയോഗിച്ചയക്കുകയും ചെയ്തു. ഇവിടെ നാം പ്രത്യേകം ചില സംഗതികളെ ഓൎക്കേണ്ടതായുണ്ട്. ഈ പുതിയ മതസിദ്ധാന്തം മനുഷ്യരുടെ സകല സ്വാഭാവികേച്ഛകൾക്കും, അക്കാലത്തു നടപ്പിലിരുന്ന സകല മതങ്ങൾക്കും തീരെ വിപരീതമായിരിക്കയും, ആയതു് യഹൂദരിൽനിന്നും മററു മതസ്ഥരിൽനിന്നും കഠിനമായ വിരോധത്തിന്നും നിരോധനത്തിന്നും പാത്രീഭവിക്കുകയും, ഈ കാരണവശാൽ മൂന്നു ശതാബ്ദങ്ങളോളം ഈ നവീനമതാവലംബികളിൽ അനേകലക്ഷംപേരെ തങ്ങളുടെ മതസ്ഥാപകന്റെ നേരെയുള്ള ഭക്തിമൂലം വിവിധങ്ങളായ അരിഷ്ടതകളെക്കൊണ്ടു പീഡിപ്പിച്ചു കൊല്ലുകയും ചെയ്തു.

പക്ഷെ കുരിശിൽ തൂക്കിക്കൊല്ലപ്പെട്ട ഈ യഹൂദപാതകന്റെ മരണാനന്തരം, മുപ്പതുകൊല്ലംകൊണ്ട്, അക്രൈസ്തവനായ ടാസിററസ് എന്ന ചരിത്രകാരൻ പ്രസ്താവിക്കുന്നതുപോലെ, മേൽപ്രകാരം സ്ഥാപിക്കപ്പെട്ട മതസംഘം, പലേ രാജ്യനിവാസികളായ അസംഖ്യം ജനങ്ങളുടെ പ്രവേശനത്താൽ ത്വരിതവൎദ്ധനയെ പ്രാപിക്കുകയും, അതിന്റെ ഒട്ടും നിസ്സാരമല്ലാത്ത ഭാഗങ്ങൾ റോമാസാമ്രാജ്യത്തിന്റെ എല്ലാ തലസ്ഥാനങ്ങളിലും പ്രചരിക്കുകയും ചെയ്തതു വിസ്മയകരമല്ലയോ? വീണ്ടും, ക്രൂശിക്കപ്പെട്ട യഹൂദൻ മരിച്ചിട്ട് എഴുപതു കൊല്ലങ്ങൾക്കുശേഷം, അക്രൈസ്തവനായ "ചെറിയ" പ്ലീനി എന്നു പേരായ വേറൊരു പ്രസിദ്ധ ഗ്രന്ഥകൎത്താവ് ക്രിസ്തുമതത്തെപ്പററി ട്രാജൻ ചക്രവൎത്തിക്ക് എഴുതിയിരിക്കുന്ന ഭാഗം ശ്രദ്ധേയമാണ്. ഈ മതത്തിന്ന് സാമ്രാജ്യത്തിന്റെ ഓരോ ഭാഗത്തും അസംഖ്യം അനുയായികൾ ഉണ്ടായിരിക്കയും അതിന്റെ പ്രാബല്യവൎദ്ധന മുഖാന്തിരം രാജ്യത്തിൽ വന്ദിക്കപ്പെട്ടു വന്നിരുന്ന ദേവന്മാരുടെ ആരാധന ഉപേക്ഷിക്കപ്പെട്ടു പോരുകയും ചെയ്തിരിക്കുന്നു. ഈ യഹൂദൻ മരിച്ചിട്ടു ൩൦൦ കൊല്ലം കഴിഞ്ഞപ്പോൾ അയാളുടെ മതവിശ്വാസികൾ, ലോകത്തിന്റെ ഓരോ ഭാഗത്തുമുള്ള ഭരണകൎത്താക്കളാൽ മൂന്നു ശതവൎഷങ്ങളോളം ഏററവും ഉഗ്രവും ക്രൂരവുമായി നടത്തപ്പെട്ട മതപീഡനങ്ങളിൽ പ്രദൎശിപ്പിച്ച സ്ഥിരതയും ക്ഷമയും മൂലം ഈ മതസ്ഥാപനം, തദ്വിരോധികളുടെമേൽ വിജയിയായി ഭവിച്ചു എന്നു മാത്രമല്ലാ, റോമാ സാമ്രാജ്യത്തെത്തന്നെ മാനസാന്തരപ്പെടുത്തുകയും ക്രിസ്ത്വബ്ദം ൩൨൫-ാം കൊല്ലത്തിൽ നിക്യാ എന്ന സ്ഥലത്തുവച്ച് ആദ്യമായി അതിന്റെ പ്രധാന പുരോഹിതന്മാരുടെ ഒരു സമ്മേ

ളനം (സൂനഹദോസ്) പരസ്യമായി കൂടത്തക്കവണ്ണം പ്രാബല്യവും ശ്രേയസ്സും അതിന്നു സിദ്ധിക്കയും ചെയ്തു.

ഈ യഹൂദൻ മരിച്ചിട്ട് ൩൦൦ വർഷങ്ങൾക്കശേഷം, പ്രസ്തുത മതസ്ഥാപനം, ഒരിക്കൽ മഹാ ശക്തിയിലും ശ്രേയസ്സിലും ഇരുന്നിരുന്ന റോമാ സാമ്റാജ്യത്തിൻെറ അന്തിമാവശിഷ്ടങ്ങളെ നിർമ്മൂലനംചെയ്തിരുന്ന അപരിഷ്കൃത ജാതികളെ തൻെറ മടിയിലേക്ക കൈക്കൊള്ളുകയും അവരെ പരിഷ്കാരത്തിലും നാഗരീകത്വത്തിലും വളത്തുകയും ചെയ്യുന്നതായി കാണപ്പെടുന്നു.

ഇന്ന്— കുരിശിൽ പതിക്കപ്പെട്ട ഈ യഹൂദൻ മരിച്ചിട്ടു ൧൯ ശതവഷങ്ങൾക്കശേഷം— ഈ മതസംഘത്തിൻെറ സ്ഥിതി എന്തെന്നു നാം ആലോചിക്കുക തന്നെ. ഈ സ്ഥാപനം, പുരാതന റോമാക്കാരിൽനിന്നു മാത്രമല്ല, അവരുടെ അപരിഷ്കൃതരായ പിൻതുടർച്ചക്കാരിൽനിന്നും, അതിൻെറ ശേഷം സഭയിൽനിന്നുതന്നെ ഭിന്നിച്ചുപോയി ശത്രുക്കളായി തീൎന്നവരിൽനിന്നും, ചില ലൌകിക ശാസ്ത്രികളുടെ തെററായ അനുമാനങ്ങളെ അടിസ്ഥാനമാക്കി പ്രവത്തിക്കുന്നവരിൽ നിന്നും സ്വേച്ഛാധിപത്യതല്പരന്മാരിൽനിന്നും അക്രൂസ്തീയരായ മതവൈരാഗികളിൽനിന്നും ഉൽഭൂതമായ സകലവിധ പീഡകളേയും നിരോധനങ്ങളേയും ജയിച്ച്, കുരിശിൽ പതിക്കപ്പെട്ട യഹൂദനിൽനിന്നും ലഭിച്ചിട്ടുള്ളതെന്ന് പ്രസ്താവിക്കുന്നതും, മനുഷ്യൻെറ സ്വാത്മപ്രതിപത്തിയുടെ നീചഗതികളിലും പ്രകൃത്യാനുസാരമായ സന്തോഷങ്ങളിലും മററു പലതിനും തീരെ വിപരീതമെങ്കിലും തൽപ്രചാരത്തിനും സ്ഥിരതയ്ക്കും യാതൊരു ഭംഗവും വരാതെ ഏവൎക്കും മഹാ വിസ്മയം ജനിപ്പിക്കുന്നതുമായ സിദ്ധാന്തങ്ങളെ ഉപദേശിച്ചുംകൊണ്ട് ഇന്നും മഹാ ഓജസ്സോടും വീൎയ്യത്തോടുംകൂടി സ്ഥിതിചെയ്യുന്നു.

താൻ സത്യ മ്ശിഹായാണെന്നും ദൈവമാണെന്നും യേശുവാദിക്കയുണ്ടായി. എന്നാൽ അയാൾ അതൊന്നുമല്ലെന്നിരിക്കട്ടെ. ഒരു യഹൂദൻ! അതേ, തൂക്കിക്കൊല്ലപ്പെട്ട ഒരു വെറുംയഹൂദൻ മാത്രമാണെന്നുവിചാരിക്കുക. ഈ സങ്കല്പനം ശരിയാണെങ്കിൽ, (അക്ഷരജ്ഞാനംകൂടിയില്ലാഞ്ഞവരായ) അയാളുടെ ൧൨ അപ്പസ്തോലന്മാർ സാക്ഷാൽ മ്ശിഹാ അദ്ദേഹമാണെന്നും, അദ്ദേഹം ദൈവവചനമാണെന്നും, ദൈവം തന്നെയാണെന്നും, അയാളുടെ ആക്ഷേപകരമായ മരണത്തിന്നു ശേഷവും വിശ്വസിച്ചുപോന്നത് എങ്ങിനെ? മേൽക്കാണിച്ച സങ്കല്പനം വാസ്തവമാണെങ്കിൽ, ഇവർ ലോകത്തിലുള്ള വിവിധജാതികളേയും ഈ പുതിയ മതവിശ്വാസത്തിലേക്ക് മാനസാന്തരപ്പെടുത്തുന്നതിന്ന് ഭഗീരഥപ്രയത്നം കഴിപ്പാൻ തുനിഞ്ഞതെങ്ങിനേ? പ്രത്യേകിച്ചും, അധിക്ഷേപങ്ങളും തടവുശിക്ഷകളും, അമാനുഷികമായ ക്രൂരപ്രവൃത്തികളും ഇവരുടെനേരെ പ്രയോഗിച്ചിരുന്നിട്ടും ഈ യഹൂദൻെറ ശിഷ്യർ തങ്ങളുടെ ഉദ്ദേശ്യത്തെ സഫലമാക്കാൻ ശ്രമിച്ചത് എന്തുകൊണ്ട്?

ഇതിലും അധികം വിഷമകരമായ വേറൊരു ചോദ്യമുണ്ടു. ഈ സങ്കല്പനം ശരിയാണെങ്കിൽ, ഈ സാധുക്കൾ ഇടവിടാതെ പ്രസിദ്ധപ്പെടുത്തി ഉപദേശിച്ച തത്വങ്ങളിൽ യഹൂദരിലും, റോമാക്കാരിലും, ഗ്രീക്കുകാരിലും, പരിഷ്കൃതജാതികളിലും ഒരുപോലെ ദൃഢവിശ്വാസത്തെ ജനിപ്പിപ്പാൻ സാധിച്ചതെങ്ങിനേ? പ്രത്യേകിച്ചും, തൂക്കിക്കൊല്ലപ്പെട്ട യഹൂദനിലുള്ള വിശ്വാസം മുഖാന്തിരം അസംഖ്യം ജനങ്ങൾ തങ്ങളുടെ വസ്തുക്കളേയും മാതാപിതാക്കളേയും സഹോദരസഹോദരികളേയും എന്നുവേണ്ടാ പക്ഷേ സ്വന്തജീവനേക്കാൾ അധികമായി സ്നേഹിച്ചിരുന്ന എല്ലാവരേറയും ഉപേക്ഷിക്കേണ്ടി വന്നിട്ടുകൂടിയും അതുകൾക്കെല്ലാം തയ്യാറായിക്കൊണ്ടു ഈ മതതത്വങ്ങളെ സ്വീകരിച്ചതെങ്ങിനേ?

വേറൊരു സംഗതി നമ്മെ ഇതിലും അധികം ഭ്രമിപ്പിക്കുന്നുണ്ട്. യേശുക്രിസ്തു നാം സങ്കല്പിച്ചതുപോലെ തൂക്കിക്കൊല്ലപ്പെട്ട ഒരു വെറും യഹൂദൻമാത്രമാണെങ്കിൽ, പലേ രാജ്യങ്ങളിൽപ്പെട്ടവരും അന്യോന്യം അറിയാത്തവരും, മതവിശ്വാസമൊഴിച്ചു മററെല്ലാ വിഷയത്തിലും വ്യത്യസ്തപ്പെട്ടവരുമായ ലക്ഷോപ

ലക്ഷം ജനങ്ങളെ, നാം ഇപ്പോൾ കണ്ടുവരുന്നതുപോലെ, ഒന്നിച്ചുചേൎക്കുന്നതും, അതിൻെറ ദീൎഘവും അലംഘനിയവുമായ ജീവകാലം മുഴുവനിലും ഉണ്ടായിരുന്നുവെന്ന് ചരിത്രസാക്ഷ്യമുള്ള വൈരികളോടു എതിൎത്തിട്ടുള്ളതും, അവരെല്ലാം നശിച്ചിട്ടും തൻെറ ജീവനു യാതൊരു ഭംഗവും കൂടാതെ സ്ഥിതിചെയ്തുപോരുന്നതും ആയ ഒരു മഹാസംഘത്തെ സ്ഥാപിക്കുന്നതിന്ന് അക്ഷരജ്ഞാനം കൂടി ഇല്ലാഞ്ഞ പന്ത്രണ്ടുപേൎക്ക് സാധിച്ചെതെങ്ങിനേ? നമ്മുടെ സങ്കല്പനം ശരിയാണെങ്കിൽ വിസ്മയകരമായ ഈ സംഗതികൾ നടന്നതും നടക്കുന്നതും എങ്ങിനേ? ഈ സങ്കല്പനംകൊണ്ടു ഈ ചോദ്യങ്ങൾക്ക് യാതൊന്നിന്നും മറുപടിപറയുവാൻ സാധിക്കുന്നതല്ലാ. മേൽപ്രസ്താവിച്ചിരിക്കുന്ന സംഗതികൾ സാക്ഷാൽ സംഭവിച്ചിരിക്കുകയും സംഭവിക്കയും ചെയ്യുന്നതുകൊണ്ടു് നമ്മുടെ സങ്കല്പനം തെററാണെന്ന് തെളിയുകയും അതുകളുടെ അടിസ്ഥാനം സ്വതേ മനുഷ്യശക്തിക്കു അതീതമായ വെറെ എന്തോ സംഗതിയായിരിക്കേണമെന്നു സ്പഷ്ടമാവുകയും ചെയ്യുന്നു.

ഇത് എന്തായിരിക്കാമെന്ന് ഇനി നമുക്കു ആലോചിക്കാം. ദീൎഘകാലം വാഗ്ദാനം ചെയ്യപ്പെട്ടിരുന്നയാളും യഹൂദരുടെ വിശുദ്ധ പുസ്തകങ്ങളിൽ പ്രവാചകന്മാരാൽ പ്രസ്താവിക്കപ്പെട്ടിരുന്നയാളുമായ മ്ശിഹാതന്നെയാണ് കുരിശിൽ പതിക്കപ്പെട്ട് മരിച്ച ഈ യഹൂദൻ. എന്നും, താൻ പഠിപ്പിച്ചതുപോലെ, ഈ അത്ഭുത മനുഷ്യൻ, നമുക്കുവേണ്ടി ദൈവംതന്നെ മനുഷ്യാവതാരംചെയ്തതാണ്. അദ്ദേഹം തൻെറദൈവികസ്വഭാവത്തെപ്പററി പ്രസ്താവിച്ചു എന്നു മാത്രമല്ലാ, മനുഷ്യശക്തിയാൽ ദുസ്സാധ്യമായ അത്ഭുതപ്രവൃത്തികളാൽ സ്വപ്രസ്താവനകളെ താൻ തെളിയിക്കയും ചെയ്തു. ദൃക്‌സാക്ഷികളും ചരിത്രകാരന്മാരും ഐകകണ്ഠ്യേന സാക്ഷീകരിച്ചിരിക്കുംപ്രകാരം താൻമരണശേഷം ഉത്ഥാനം ചെയ്കയും, തൻെറ ജീവിതകാലത്ത് പ്രവചിച്ചിട്ടുണ്ടായിരുന്നതനുസരിച്ചു പരിശുദ്ധാത്മവിയെ, താൻ സ്ഥാപിച്ച് മതസംഘത്തെ നേർവഴിക്കുകൊണ്ടുപോകുന്നതിന്നും ജ്ഞാനത്താൽ പ്രകാശിപ്പിക്കുന്നതിന്നും വേണ്ടി യാത്രയാക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, സകല കാലത്തും ഏകവും പരിശുദ്ധവും സൎവ്വസാമാന്യവും, തൻെറയും തൻെറ ശിഷ്യരുടെയും ശരിയായ പിൻഗാമികളാൽ ഭരിക്കപ്പെട്ടുപോരുന്നതുമായ ഈ സഭ ഒരു മാനുഷിക സഭയല്ലെന്നും ദൈവികമായിട്ടുള്ള ഒന്നാണെന്നും, മുൻ വിവരിക്കപ്പെട്ട സംഭവങ്ങളെല്ലാം സൎവ്വശക്തനായ ദൈവത്തിൻെറ പരിപാലനാഫലങ്ങളാകുന്നു എന്നും പ്രസ്പഷ്ടമാകും.

ആയതുകൊണ്ടു്, ഈ രണ്ടാമത്തെ സങ്കല്പനം വാസ്തവമാണെങ്കിൽ മേൽക്കാണിച്ച ചോദ്യങ്ങൾക്ക് മറുപടിപറയുവാൻ ഉടനെ നമുക്കു സാധിക്കുന്നതാണ്. എന്നാൽ ഇതു ഒരു സങ്കല്പനംമാത്രമല്ല, പിന്നയോ സാക്ഷാൽ സംഭവിച്ചതായി ദൃഢീകരിക്കപ്പെട്ടിരിക്കുന്ന ഒരുചരിത്രസംബന്ധമായ സത്യമാണു; ആ സ്ഥിതിക്ക് ആരംഭത്തിൽ പറഞ്ഞിട്ടുള്ളതായ വിഷമദശയിൽനിന്നും മനസ്സു മോചിക്കപ്പെടുകയും ചെയ്യുന്നു.

ഈ സഭ ദൈവികസ്ഥാപനമാണെന്നുള്ള സത്യത്തെ നാം അടിസ്ഥാനപ്പെടുത്തി, ആലോചിക്കയാണെങ്കിൽ തങ്ങളുടെ മതവിശ്വാസത്തിലും മതസിദ്ധാന്തങ്ങളിലും ക്രിസ്തുവിൻെറ ശിഷ്യർ ഇത്ര ദൃഢമായിരുന്നതെങ്ങിനെയെന്നും, ദൈവികകടാക്ഷത്തേജസ്സിനാൽ പ്രേരിതരായിക്കൊണ്ടു ക്രിസ്തുവിൻെറ ദൈവികത്വത്തെയും ഉത്ഥാനത്തെയും പ്രസ്താവിച്ചു സ്ഥാപിക്കുന്നതിൽ സ്ഥിരോത്സാഹികളായിരുന്നതു എങ്ങിനെ എന്നും, അദ്ദേഹത്തെക്കുറിച്ച് അവമാനങ്ങളും, നിഷ്ഠുരകൃത്യങ്ങളും ഭയങ്കര വേദനകളും അനുഭവിക്കുന്നതിൽ സന്തോഷം കാണിക്കുകയും, ഇതുകളെല്ലാം തങ്ങളുടെ അനുഗാമികളും സസന്തോഷം അനുഭവിപ്പാൻ എന്നു മാത്രമല്ലാ തങ്ങളുടെ രക്ഷകനും ഒടുവിലത്തെ സമ്മാനമെന്നും കരുതിപ്പോന്നിരുന്ന ആ നാഥനുവേണ്ടി ഏററവും നിന്ദാവഹമായതും ക്രൂരമായതുമായ മരണത്തെക്കൂടി ആന

ന്ദത്തോടെ കൈക്കൊള്ളുവാനും അവരെ പഠിപ്പിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടെന്നും മനസ്സിലാകുന്നതാണ്. വീണ്ടും പരമാത്ഥമായ അറിവിനെ അടിസ്ഥാനമാക്കി ആലോചിക്കുകയാണെങ്കിൽ അജ്ഞാനത്തിലും കഷ്ടതയിലും നിമഗ്നരായി ലോകത്തിൽ കിടന്നിരുന്ന വിവിധജനസമൂഹങ്ങൾ തങ്ങൾക്ക് ശരണവും രക്ഷയും കാണിച്ചുകൊടുത്ത അദൌത്യത്തേയും തത്വങ്ങളേയും ഇത്ര വേഗത്തിൽ അനുസരിച്ചു നടന്നത് എങ്ങിനെ എന്നും മനസ്സിലാകുന്നതാണ്.

ഈ അറിവിനെ അടിസ്ഥാനമാക്കി ആലോചിക്കുന്നുവെങ്കിൽ, കത്തോലിക്കാ തിരുസഭ ഒരു ദൈവിക സ്ഥാപനമായിത്തന്നെ പ്രശോഭിച്ചുകാണുകയും, ഈ സഭ പഠിപ്പിക്കുന്ന തത്വങ്ങൾ മാനുഷേച്ഛകൾക്കും, ലൌകികഭാഗ്യങ്ങൾക്കും എത്ര തന്നെ പ്രതികൂലമായിരുന്നാലും ജനങ്ങളാൽ സന്തോഷപുരസ്സരം സ്ഥിരീകരിക്കപ്പെട്ടുപോരുന്നതിൽ വിസ്മയിപ്പാനൊന്നുമില്ലാത്തതാണ്. അതുപോലെ തന്നെ ഈ സഭയോട് സാമാന്യ ജനങ്ങൾക്കു നീരസംവന്നുവശായാലും, സഭ ആക്ഷേപിക്കപ്പെട്ടാലും, ചവിട്ടപ്പെട്ടാലും, സദാജീവിച്ചുകൊണ്ടിരിക്കുന്നതും, ശത്രുക്കൾ അതിൻെറ കീത്തിയെ മലിനപ്പെടുത്തിയാലും ശക്തിയെ താഴ്ത്തിയാലും ലവലേശം ഭയം കൂടാതെ നില്ക്കുന്നതെന്തുകൊണ്ടെന്നും, നേർവഴിയിൽ നിന്നും അണുപോലും തെററിപ്പോകാതെ ശമിച്ചുകൊണ്ടും ഐഹിക ദുഷ്ടതകൾക്ക് എതിരായി സദാ പ്രവത്തിച്ചുകൊണ്ടും, ലോകത്തിലെ സകല വിധ ജന സമൂഹങ്ങൾക്കും സത്യസൂയ്യനായി സദാ പ്രകാശിച്ചുകൊണ്ടും ഇരിക്കുന്നതെന്തുകൊണ്ടെന്നും വ്യക്തമാകുന്നതാണ്. അതേ, കത്തോലിക്കാ തിരുസഭ സകല ജനങ്ങൾക്കും സത്യസൂയ്യനായിത്തന്നെ കാണപ്പെടുന്നു; എന്തുകൊണ്ടെന്നാൽ, തന്നിൽ വസിക്കുന്ന ദൈവികാത്മാവിയാൽ പ്രേരിക്കപ്പെട്ടും ദൈവികകടാക്ഷത്താൽസജീവമാക്കപ്പെട്ടുമിരിക്കുന്ന കത്തോലിക്കാ തിരുസഭ, പൂവ്വപ്രകാരം തന്നെ ഇനിയും എന്നും ശക്തിയിൽ വദ്ധിച്ചും തൻെറ ദൈവിക സ്ഥാപകനെപ്പററിയുള്ള അറിവിനെ പരക്കെ പ്രസിദ്ധപ്പെടുത്തിയും, സ്നേഹത്തിൻെറയും പരോപകാരത്തിന്നുവേണ്ടിയുള്ള സ്വാപ്പണത്തിൻെറയും ഏററവും മഹനീയവും തേജോമയവുമായ ദൃഷ്ടാന്തങ്ങളെ ലോകത്തിന്ന് കാണിച്ചുകൊണ്ടും വത്തിക്കുന്നതുമാണ്.

ഒന്നുകിൽ ക്രിസ്തുമതം അമാനുഷികമായ അത്ഭുത പ്രവൃത്തിയാൽ പ്രേരിക്കപ്പെടുന്നതും ആയതു മുഖാന്തിരം ദൈവികോത്ഭവത്തോടുകൂടിയതെന്നു തെളിവാകുന്നതുമായ ഒരു മതമെന്നു തെളിവാകുന്നു. നേരെ മറിച്ച്, ഇപ്രകാരം അമാനുഷികമായ അത്ഭുതങ്ങളാൽ പ്രസരിക്കപ്പെടാത്ത മതമാണെന്നു ശഠിച്ചാലും തന്നെ, സാധുക്കളും, സുപ്രസിദ്ധരല്ലാത്തവരുമായ ഏതാനും ചിലരുടെ ശ്രമത്താൽ മനുഷ്യബോധത്തിൽ അടങ്ങാത്ത തത്വങ്ങൾഉൾപ്പെട്ടിരിക്കുന്നതും, ഏററവും അപ്രീതി തോന്നിക്കുന്നതായ ചുമതലകളടങ്ങിയതും, ഇത്ര മഹാ വിശിഷ്ടമായ ഒരു ഭാവിയെ മുമ്പിനാലെ തന്നെ ഗ്രഹിച്ചിരുന്നതുമായ ഒരു മതത്തെ അനുകരിപ്പാൻ ലോകത്തിൻെറ ഒരു പ്രധാന ഭാഗത്തെ പ്രേരിപ്പിച്ചു എന്നുള്ളത് അത്ഭുതങ്ങളിൽവച്ചു മഹാഅത്ഭുതംതന്നെയല്ലയൊ?

എൽ. എം. പൈലി, എം. ഏ.

(ഓണേഴ്സ്.)

---

ജാനുവരി ലക്കം പതിവിൽ കവിഞ്ഞു ൭൦൦ പ്രതികളാണ് അച്ചടിച്ചിരുന്നത്. അതു ആ മാസത്തിൽതന്നെ മുഴുവനും തീന്നു പോയി. ഫെബ്രുവരി ലക്കം ജാനുവരിയിൽ അടിച്ചതിനേക്കാൾ ൫൦൦ പ്രതികൾ കൂടുതൽ അടിച്ചെങ്കിലും അതുകൊണ്ടും തികഞ്ഞില്ല. ജാനുവരി ലക്കം കിട്ടിയേകഴിയൂ എന്ന് ആവശ്യപ്പെട്ടുകൊണ്ട് അനേകം അപേക്ഷകൾ ഇവിടെ വന്നുകൊണ്ടിരിക്കുന്നതിനാൽ അത് ഉടനേതന്നെ വീണ്ടും അച്ചടിക്കുന്നതിനു തീർച്ചപ്പെടുത്തിയിരിക്കുന്ന വിവരം അറിയിച്ചുകൊള്ളുന്നു.

മാനേജർ.

# നല്ല മണ്ണിൽവീണ വിത്ത് അഥവാ ലക്ഷ്മിയമ്മാളിന്റെ മാനസാന്തരം

"വൈദ്യനാഥയ്യർക്ക് സുഖക്കേട് കുറേ കൂടുതലാണെന്നു അറിഞ്ഞിരിക്കുമല്ലൊ; അച്ചനെ ഒന്നു കാണണമെന്ന് വലിയ ആഗ്രഹമുണ്ട്. ഇപ്പോൾ തന്നെ പുറപ്പെടുന്നതാണ് ഉത്തമം" എന്നും പറഞ്ഞുകൊണ്ടാണ് മണക്കാട്ടു കുഞ്ഞുതൊമ്മി ഒരു ദിവസം വികാരിയച്ചന്റെ മുറിയിലേയ്ക്കു കയറിവന്നതു്. മണി നാലര കഴിഞ്ഞതേയുള്ളു. തന്റെ മുൻപിൽ മേശയിലിരിക്കുന്ന കാപ്പിയും പലഹാരവും അച്ചൻ തൊട്ടതേയില്ല. വിവരം കേട്ട ഉടനെ ധൃതിയിൽ കാപ്പികുടിയും കലാശിപ്പിച്ച് കുഞ്ഞുതൊമ്മിയോടുകൂടി ബ. വികാരി അച്ചൻ പുറപ്പെട്ടു.

മിസ്റ്റർ വൈദ്യനാഥയ്യർ ഹിന്ദുമതാനുസാരി ആയ ഒരു തമിഴ് ബ്രാഹ്മണനാണ്. അദ്ദേഹം ബി. ഏ. പരീക്ഷ കഴിഞ്ഞു ഉപാദ്ധ്യായനായി പറക്കാട്ടു വന്നിട്ട് വർഷം എട്ടു കഴിഞ്ഞിരിക്കുന്നു. ആൾ സുമുഖനും, സമർത്ഥനും ശുദ്ധനുമാണ്. ഒരു ൪൰ വയസ്സു പ്രായം കാണും. അടുത്തു പരിചയമുള്ളവർക്കൊക്കെ അദ്ദേഹത്തെ വലിയ മതിപ്പാണ്. കുഞ്ഞുതൊമ്മിയെപ്പോലെയുള്ള പൌരപ്രമാണികളുടെ ഇടയിൽ അദ്ദേഹം വലിയ സമ്മതനാണ്. അച്ചനുമായിട്ടു നല്ല പരിചയം ഉണ്ട്.

തന്റെ വിദ്യാഭ്യാസകാലത്തും, പിന്നീടും പല ക്രിസ്ത്യാനികളുമായി മിസ്റ്റർ വൈദ്യനാഥയ്യർ പരിചയപ്പെട്ടിട്ടുണ്ട്. അദ്ദേഹം പഠിച്ചിരുന്നതുതന്നെ ഒരു ജെസ്വീററ് കോളജിലായിരുന്നു. അവിടത്തെ അദ്ധ്യാപകന്മാരായിരുന്ന മിഷ്യനറിമാരിൽനിന്നും മററും ക്രിസ്തുമതത്തിലെ പല തത്വങ്ങളും അറിയുന്നതിനു് ഇടയായിട്ടുണ്ട്. കോളജിൽ ആണ്ടുതോറും നടത്തിവരാറുള്ള പല തിരുനാളാഘോഷങ്ങളിലും അദ്ദേഹം സംബന്ധിയ്ക്കു പതിവായിരുന്നു. ഇതിന്റെയെല്ലാം ഫലമായി കത്തോലിക്കമതത്തോട് വലിയ പ്രതിപത്തി വിദ്യാർത്ഥിയായിരുന്നപ്പോൾ തന്നെ അദ്ദേഹത്തിന്റെ ഉള്ളിൽ കടന്നുകൂടിയിരുന്നു. പിന്നീട് ജോലി കിട്ടിയതും ഒരു കത്തോലിക്ക് വിദ്യാലയത്തിൽ ആണ്. ഇതു് തന്റെ കത്തോലിക്കാ മതപ്രതിപത്തിയെ പ്രബലപ്പെടുത്തുന്നതിനൊരുത്തമ മാർഗ്ഗമായിട്ടാണ് തീർന്നതു്. ഇപ്രകാരം ക്രിസ്തുമത തത്വങ്ങളിൽ വിശ്വാസവും ബഹുമാനവും ദിനംപ്രതി വർദ്ധിച്ചുകൊണ്ടുതന്നെ വന്നെങ്കിലും പൂർവ്വമതം ഉപേക്ഷിച്ച് ക്രിസ്തുമതം സ്വീകരിക്കുന്നതിനു് അദ്ദേഹത്തിനു് അത്ര എളുപ്പമല്ലായിരുന്നു. ബന്ധുജനങ്ങളുടെ അതൃപ്തിയും തന്നിമിത്തം ഉണ്ടാകാവുന്ന വിഷമങ്ങളും അയാളെ ഭയപ്പെടുത്താതിരുന്നില്ല. കൂടാതെയും അയാളുടെ ഭാര്യയ്ക്കും അതു് ഒട്ടും തന്നെ രസജനകമല്ലായിരുന്നു. ആ സ്ത്രീ, സുശീലയും, സമർത്ഥയും തന്റെ ഭർത്താവിന്റെ സുഖസന്തോഷങ്ങളിൽ അത്യന്തം താല്പര്യം ഉള്ളവളും ആയിരുന്നു. എന്നാൽ ഭർത്താവിന്റെ മതത്തോടുള്ള പ്രതിപത്തി അവളെ വല്ലാതെ ദുഃഖിപ്പിച്ചു. പലപ്പോഴും അവർ തമ്മിൽ ഈ വിഷയത്തെപ്പററി സംസാരിയ്ക്കു പതിവായിരുന്നു. തന്റെ ഭർത്താവ് പൂർവ്വന്മാരുടെ മതം വിട്ട് ക്രിസ്തുമതം സ്വീകരിക്കുന്നതായാൽ അവർക്കുണ്ടാകാവുന്ന പല അനർത്ഥങ്ങളേയും, പ്രയാസങ്ങളെയും പററി അവൾ അനുദിനമെന്നപോലെ പ്രസംഗിച്ചുകൊണ്ടിരുന്നു. ഇങ്ങിനെ ഇരിക്കുമ്പോളാണ് മിസ്റ്റർ വൈദ്യനാഥയ്യർക്ക് ഒരു വിഷമജ്വരം പിടിപെട്ടതു്. ദീനം കുറേ അപകടത്തിലായി. രക്ഷപെടുന്ന കാര്യം ദുസ്സാധമെന്നു പറഞ്ഞ് വൈദ്യന്മാരൊക്കെ കയ്യൊഴിഞ്ഞു. ഈ സ്ഥിതിയിൽ കിടക്കുകയിൽ ഒരു ദിവസം കുഞ്ഞുതൊമ്മി അദ്ദേഹത്തെ കാണുന്നതിനു ചെന്നു. മിസ്റ്റർ വൈദ്യനാഥയ്യരുടെ ക്രിസ്തുമതാനുകമ്പ അദ്ദേഹത്തിന്റെ സ്നേഹിതന്മാർക്കൊക്കെ നല്ലവണ്ണം അറിവുള്ള ഒരു സംഗതിയാ

ണ്ട്. അതിനാൽ വികാരിയച്ചനെ കാണണമെന്നു രോഗി പറഞ്ഞ ഉടനെ കുഞ്ഞുതൊമ്മിതന്നെ അച്ചനെ വിളിക്കുന്നതിനോടിയതിൽ ഒട്ടും അത്ഭുതപ്പെടാനില്ല. അച്ചനും മിസ്റ്റർ വൈദ്യനാഥയ്യരുടെ അന്തർഗതം നല്ലവണ്ണം അറിഞ്ഞിരുന്നതിനാലാണ് വിവരം കേട്ട ക്ഷണത്തിൽ യാത്ര തിരിച്ചതു്.

പള്ളിയിൽനിന്നും വൈദ്യനാഥയ്യരുടെ വീട്ടിലേയ്ക്കു് ഏകദേശം രണ്ടു മൈൽ ദൂരം വരും. അച്ചൻ അഞ്ചുമണിയോടുകൂടിത്തന്നെ രോഗിയുടെ സമീപത്തെത്തി. ദിനവിവരങ്ങളെല്ലാം ചോദിച്ചറിഞ്ഞതിൻെറശേഷം, രോഗിയുടെ ആഗ്രഹം അനുസരിച്ച് ഉടനെതന്നെ ജ്ഞാനസ്നാനം നൽകി. പിന്നീട് അല്പനേരത്തേയ്ക്കു് പല ഉപദേശങ്ങളും പറഞ്ഞുകൊണ്ട് അവിടെത്തന്നെ ഇരുന്നു. ഇതൊന്നും ഗൃഹനായികയായ ലക്ഷ്മിയമ്മാളിനു് അശേഷം രസിച്ചില്ല. തൻെറ ഗൃഹത്തിൽ ക്രിസ്ത്യ വൈദികൻ പ്രവേശിച്ചതും ഭർത്താവിനോടു ക്രിസ്തുവേദത്തെപ്പററി ഉപദേശിക്കുന്നതും അവൾക്ക് വളരെ ദുസ്സഹമായിരുന്നു. എങ്കിലും ഇതു് സ്വഭർത്താവിൻെറ അന്തിമാഗ്രഹമാണല്ലോ എന്നുവിചാരിച്ച് അവൾ യാതൊരു വിരോധവും പറഞ്ഞില്ല. എന്നാൽ അവളുടെ നടപടിയിൽ ക്രിസ്തുമതത്തോടുള്ള വെറുപ്പ് പ്രത്യക്ഷപ്പെട്ടു. ഭർത്താവിൻെറ വിയോഗത്താൽ തനിയ്ക്കുണ്ടാകാവുന്ന കഷ്ടതകളെപ്പററി ചിന്തിച്ച് അത്യന്തം വ്യസനിച്ചിരിക്കുന്ന ഈ അവസരത്തിലും കത്തോലിക്ക് പുരോഹിതനെ കണ്ട ക്ഷണത്തിൽ ഒരു നീരസ ഭാവത്തോടെ മുഖം തിരിച്ച് അവൾ അവിടെനിന്നും മാറിക്കളകയാണു് ചെയ്തതു്.

അച്ചൻ രോഗിയ്ക്കു വേണ്ട ഉപദേശങ്ങളെല്ലാം ചെയ്തു കഴിഞ്ഞപ്പോൾ തൻെറ ഭാര്യയുടെ മനസ്സുതിരിവിനായി പ്രത്യേകം പ്രാർത്ഥിക്കണമെന്നു് അയാൾ അച്ചനോടപേക്ഷിച്ചു. അദ്ദേഹം വലിയ സന്തോഷത്തോടുകൂടി സമ്മതിക്കയും ചെയ്തു. പിന്നീട് അദ്ദേഹം സ്വല്പനേരത്തേയ്ക്കു് ആ മുറിയുടെ നാലു ഭാഗത്തേയ്ക്കും നോക്കി. അപ്പോൾ രോഗിയുടെ സമീപത്തുള്ള ഒരു ചെറിയ മേശമേൽ കിടന്നിരുന്ന ഹൈന്ദവ ഗ്രന്ഥങ്ങൾ സ്വദൃഷ്ടിയിൽ പെട്ടു. ഇവയെല്ലാം മിസ്റ്റർ വൈദ്യനാഥയ്യരുടെ ഭാര്യയുടെ വകയാണെന്നു് അദ്ദേഹത്തിനു് ക്ഷണേന മനസ്സിലായി. തൻെറ "നമസ്കാര"പ്പുസ്തകത്തിൽനിന്നും മ്ശിഹായുടെ കഷ്ടാനുഭവത്തിൻെറ ഒരു ചെറിയ "കടലാസ്സുരൂപം" എടുത്തു് ആ പുസ്തകങ്ങളുടെ ഇടയിൽ ഇട്ടുംവച്ചു രോഗിയോടു യാത്രപറഞ്ഞു അദ്ദേഹം പള്ളിയിലേക്കു പോയി.

അദ്ദേഹം പോയ ഉടനെ തന്നെ ലക്ഷ്മിയമ്മാൾ രോഗിയുടെ സമീപത്തെത്തി. വികാരിയച്ചൻ തൻെറ ഭർത്താവിനോടെന്തെല്ലാം പറകയും പ്രവർത്തിക്കയും ചെയ്തെന്നു് അവൾക്ക് മനസ്സിലായില്ല. എങ്കിലും അവ ഒട്ടുംതന്നെ നല്ലതായിരിക്കയില്ലെന്നായിരുന്നു അവളുടെ അഭിപ്രായം. എന്നാൽ തിരിച്ചുചെന്നുനോക്കിയ അവസരത്തിൽ രോഗിയുടെ മുഖത്തു സ്ഫുരിച്ചുകൊണ്ടിരുന്ന പ്രസന്നത കണ്ട് സന്തോഷവും വ്യസനവും വിസ്മയവുംകൂടികലർന്ന ഒരു മനോവികാരത്തിനു് അവൾ അധീനയായി. വീണ്ടും പതിവുപോലെ രോഗിയെ ശുശ്രൂഷിച്ചു കൊണ്ട് അവൾ അടുത്തുതന്നെയിരുന്നു. സ്വാഭിപ്രായം അനുസരിച്ച് രോഗിയുടെ ഗുണത്തിനായി ഇടയ്ക്കിടയ്ക്കു രാമായണം, ഭാരതം മുതലായ ഹിന്ദുപുരാണങ്ങൾ വായിയ്ക്കയുംചെയ്തുവന്നു. പതിവനുസരിച്ച് തൻെറ പുസ്തകം എടുത്തപ്പോൾ അതിൻെറ ഇടയിൽ കണ്ട ഒരു ചെറിയ പടം അവളെ വളരെ നേരത്തേയ്ക്കു വിസ്മയ പരവശയാക്കി. പുരാണങ്ങളിലെ ബീഭത്സ കഥാപുരുഷന്മാരുടെ ചിത്രങ്ങളെ മാത്രം കണ്ടു പരിചയിച്ചിട്ടുള്ള അവളിൽ ഇത്ര പ്രശാന്തവും, അനുകമ്പ്യവുമായ വദനത്തോടുകൂടിയ ഒരു രൂപത്തിൻെറ കാഴ്ച കൗതൂഹലത്തേയും ആർദ്രതയേയും ജനിപ്പിക്കുക സ്വാഭാവികമല്ലയോ? ഇതു് ആ വൈദികൻ വച്ചുമറന്നു പോയതാണെന്നു അവൾ വിചാരിച്ചു. എന്തായാലും തൻെറ മേശമേൽ കിടന്നതാകയാൽ കൈവശം വച്ചു സൂക്ഷിക്കുന്നതിനു അവൾ തീർച്ചപ്പെടുത്തി.

മിസ്റ്റർ വൈദ്യനാഥയ്യരുടെ ദീനത്തിനു അല്പം ശമനം കണ്ടുതുടങ്ങി. അ

ച്ചൻ ദിവസന്തോറും രോഗിയെ സന്ദശിച്ചു പതിവായി. വൈദ്യന്മാരാൽ ഉപേക്ഷിക്കപ്പെട്ട രോഗിയിൽ ആശാമാഗ്ഗങ്ങൾ കണ്ടുതുടങ്ങി. ഓരോദിവസം ചെല്ലുംതോറും സുഖക്കേടിന് ഗണ്യമായ ശമനം ഉണ്ടായി. ഏകദേശം രണ്ടുമാസംകൊണ്ട് അദ്ദേഹം പൂണ്ണ സൌഖ്യത്തെ പ്രാപിച്ചു.

താൻ മരിക്കുമെന്നു ഉറപ്പ് വന്നതിൽപ്പിന്നെയാണല്ലോ മിസ്റ്റർ വൈദ്യനാഥയ്യർ ജ്ഞാനസ്നാനം കൈക്കൊണ്ടതു്. എന്നാൽ സൌഖ്യം പ്രാപിച്ചു കഴിഞ്ഞപ്പോഴാണ്, മാനസാന്തരത്താൽ ഉണ്ടാകാവുന്ന വിഷമങ്ങളെപ്പററി അയാൾക്കുബോധം ഉണ്ടായതു്. ഏതായാലും തൻെറ പൂണ്ണമനസ്സോടും ആഗ്രഹത്തോടുംകൂടി സ്വീകരിച്ചതാകയാൽ എന്തെല്ലാം വിഷമങ്ങൾ നേരിട്ടാലും ആ മതത്തിൽത്തന്നെ നില്ക്കുന്നതിനു അയാൾ നിശ്ചയിച്ചു.

ലക്ഷ്മിയമ്മാളിന് തൻെറ ഭത്താവ് ഒരു ക്രിസ്ത്യാനി ആയിത്തീന്നതിൽ ഉണ്ടായ മനസ്താപം ഒട്ടും ചില്ലറയല്ലായിരുന്നു. വേണ്ട പരിഹാരങ്ങൾ കഴിച്ച് വീണ്ടും ഹിന്തുമതത്തിൽത്തന്നെ ചേരേണ്ടതാണെന്ന് അവർ നിർബന്ധിച്ചു. വിവരം അറിഞ്ഞു ബന്ധുജനങ്ങളെല്ലാവരും അദ്ദേഹത്തെ വെറുക്കയും, അവരുടെ യാതൊരു സമൂഹത്തിലും അയാളെ ചേക്കാൻ പാടില്ലെന്നു വിരോധിക്കയും ചെയ്തു. ഒരു മതഭ്രഷ്ടൻെറ കൂടെ വസിക്കുന്നതു യുക്തമല്ലെന്നു പറഞ്ഞ് ലക്ഷ്മി അമ്മാളിൻെറ മാതാപിതാക്കന്മാർ തങ്ങളുടെ വസതിയിലേക്കു അവളെ ക്ഷണിച്ചു. എന്നാൽ തൻെറ പ്രിയ ഭത്താവിനെ അയാളുടെ ആപൽക്കാലത്ത് ഉപേക്ഷിച്ചുപോകുന്നതിന് ആ സാധ്വിക്കു മനസ്സു വന്നില്ല. ഭാത്താവിനെ വീണ്ടും ഹിന്തുമതത്തിലേയ്ക്കു കൊണ്ടുവരുന്നതിനു തന്നാൽ കഴിയുന്നതു ശ്രമിച്ചിട്ടേ ഉപേക്ഷിക്കയുള്ളു എന്ന് അവൾ ഖണ്ഡിതമായി പറഞ്ഞു.

ലക്ഷ്മിയമ്മാൾ തൻെറ ഭത്താവിനെ വീണ്ടും ഹിന്തുമതത്തിലേയ്ക്കു നയിക്കുന്നതിനു ശ്രമിച്ചുകൊണ്ടിരുന്ന അവസരത്തിൽത്തന്നെ, അവളെക്കൂടി ക്രിസ്തുമതത്തിലേയ്ക്കു ചേക്കുന്നതിന് മിസ്റ്റർ വൈദ്യനാഥയ്യരും, വൈദികനും പ്രാത്ഥിക്കുന്നുണ്ടായിരുന്നു. ഇപ്രകാരം ഏകദേശം ഒരു വഷം കഴിഞ്ഞിട്ടും ഇരുഭാഗക്കാരുടെയും ശ്രമങ്ങൾ നിഷ്ഫലമായിത്തന്നെ കാണപ്പെട്ടു. എന്നാൽ ഇതിനിടയ്ക്കു ലക്ഷ്മിയമ്മാളിനു തൻെറ പുസ്തകങ്ങളുടെ ഇടയിലിരുന്നു കിട്ടിയ ആ പടത്തോടുള്ള താല്പയ്യം കുറേ അധികം വദ്ധിച്ചിട്ടുണ്ട്. താൻ പുസ്തകം വായിക്കാനെടുക്കുന്ന അവസരങ്ങളിലൊക്കെ ആ പടം കണ്ട് ധാരാളം പരിചയമായിരിക്കുന്നു. ചില അവസരങ്ങളിൽ ആ പടത്തിൻെറ വിസ്മയനീയതയാൽ ആകഷിക്കപ്പെട്ട് വളരെ നേരത്തേക്ക് അതിൽത്തന്നെ നോക്കിക്കൊണ്ടിരിക്ക പതിവായി. അതു സൂക്ഷിച്ചു നോക്കിക്കൊണ്ടിരിക്കുന്ന അവസരങ്ങളിൽ ആ ഛായ തന്നോട് എന്തോ പറവാൻ ഭാവിക്കുന്നതുപോലെയും, തന്നെ എന്തിനോ ക്ഷണിക്കുന്നതുപോലെയും അവൾക്കു പലപ്പോഴും തോന്നിയിട്ടുണ്ട്. ഈ വിചാരം പ്രതിദിനം ശക്തിപ്പെട്ടുകൊണ്ടുമിരുന്നു. തനിക്ക് ഈ പടത്തെ സംബന്ധിച്ചു പലപ്പോഴും അത്ഭുതവും, പല സംശയങ്ങളും ഉണ്ടായിക്കൊണ്ടിരുന്നിട്ടും, തൻെറ ഭത്താവിനോടോ വേറെ ആരോടെങ്കിലുമോ ഈ വിവരങ്ങൾ പറയുന്നതിന് അഭിമാനം അവളെ അനുവദിച്ചില്ല. എന്നാൽ ക്രമേണ ഹിന്തുമതത്തോടുള്ള പ്രതിപത്തി കുറഞ്ഞുതുടങ്ങി, ഹിന്തുദേവന്മാരെ വെറുത്തു തുടങ്ങി. ഭത്താവിനോടുള്ള ഉപദേശങ്ങളും കുറഞ്ഞു. തൻെറ പ്രിയപതിയുടെ മനോഗതിക്ക് ഇത്രവലിയ വ്യത്യാസം വരുത്തുവാൻ കാരണമെന്തെന്ന് അയാൾക്ക് ഊഹിപ്പാൻപോലും സാധിച്ചില്ല.

തൻെറമേൽ ഇത്ര ശക്തിയുള്ളതായ ഈ പടം ഏതു മഹാത്മാവിൻേറതാണെന്ന് അറിവാനുള്ള ആഗ്രഹം ലക്ഷ്മിയമ്മാളിന് വദ്ധിച്ചുതുടങ്ങി. പ്രസ്തുത പടം തൻെറമേശമേൽ ഇട്ടിട്ടുപോയ ആ ക്രിസ്തീയ വൈദികന് അതുസംബന്ധിച്ച് ശരിയായ ജ്ഞാനം ഉണ്ടായിരിക്കുമെന്ന് അവൾ നിശ്ചയിച്ചു. അതിനെപ്പററി യാതൊരു വിവരവും അറിയാതിരിക്കുന്ന ഓരോ വിനാഴികയും അവൾക്ക് ഓരോ വഷംപോലെ തോന്നി. അതിനാൽ ഇനിമേൽ ക്ഷമിച്ചിരിക്ക ദുസ്സാധ്യമെന്നു കരുതി, ഒരു

ദിവസം രാവിലെ തൻെറ ഗൃഹകൃത്യങ്ങളെല്ലാം ഒരുക്കിയശേഷം, ഈ പടവും എടുത്തുകൊണ്ട് അടുത്ത പള്ളിയിലേക്ക പോയി. ബ: വികാരി അച്ചനോ, ലക്ഷ്മി അമ്മാളിൻെറ മാനസാന്തരത്തിന്നായി കുബ്ബാനയിൽക്കൂടിയും പ്രാൎത്ഥിച്ചിട്ടുണ്ട്. അദ്ദേഹം കുബ്ബാനയും ഉപകാരസ്മരണയും പ്രാൎത്ഥനയും കഴിച്ച് തൻെറ മുറിയിലേക്ക പോകുന്നതിനായി പള്ളിയിൽ നിന്നും ഇറങ്ങി. തദവസരത്തിൽ തൻെറ മുൻപിൽ പ്രത്യക്ഷയായ ഹിന്തുസ്ത്രീയെ കണ്ട ഭാവംകൂടി നടിക്കാതെ അദ്ദേഹം തൻെറ ഗതിയേത്തുടൎന്നു. എന്നാൽ അക്ഷമയോടെ നിന്നിരുന്ന ആ സ്ത്രീ ഒട്ടുംതന്നെ മടിക്കാതെ അച്ചൻെറ അടുത്തുചെന്ന് തൻെറ കൈവശം ഉണ്ടായിരുന്ന ഒരു കടലാസുരൂപത്തെ നീട്ടിക്കൊണ്ട്, "വന്ദ്യഗുരോ, ഈ ആളിനെപ്പററി എനിക്കൊരു പൂൎണ്ണജ്ഞാനം തരുന്നതിന് നിങ്ങൾക്ക സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നു. എൻെറ ആഗ്രഹം സാധിച്ചുതരുന്നതിന് ദയവുണ്ടാകണം" എന്നു വിനയപുരസ്സരം അപേക്ഷിച്ചു. അല്പസമയത്തിനുള്ളിൽ അച്ചന് ആ രൂപവും ആളും മനസ്സിലായി. അവിടെനിന്നു തന്നെ അദ്ദേഹം നമ്മുടെ ദിവ്യരക്ഷകനേപ്പററിയും അദ്ദേഹത്തിൻെറ കഷ്ടാനുഭവത്തേ സംബന്ധിച്ചും കുരിശുമരണത്തേക്കുറിച്ചും ചുരുക്കമായും വ്യക്തമായും പറഞ്ഞുകേൾപ്പിച്ചു. അദ്ദേഹത്തിൻെറ വദനത്തിൽ നിന്നു പുറപ്പെട്ട ഓരോ വാക്കും ആ സ്ത്രീ ശ്രദ്ധയോടും സന്തോഷത്തോടുംകൂടി കേൾക്കയും, അദ്ദേഹത്തിൻെറ പ്രസംഗം അവസാനിച്ച ഉടനെ, തനിക്കും തൻെറ ഭൎത്താവിൻെറ മതത്തിൽ ചേരണമെന്ന് അച്ചനോട് അപേക്ഷിക്കയും ചെയ്തു. ഈ അത്ഭുതകരമായ മനസ്സുതിരിവിൽ അച്ചൻ വളരെ സന്തോഷിച്ചു. ഒരു ഭൃത്യനെ അയച്ച് ഉടനെതന്നെ മിസ്റ്റർ വൈദ്യനാഥയ്യരേയും വരുത്തി. വിവരം മുഴുവൻ അറിഞ്ഞപ്പോൾ അദ്ദേഹത്തിനുണ്ടായ സന്തോഷവും അനിൎവ്വചനീയമായിരുന്നു. അന്നു വൈകിട്ട് ൫ മണിക്ക ഭൎത്താവായ വൈദ്യനാഥയ്യരുടേയും, തൻെറ ക്രിസ്ത്യ സ്നേഹിതകളുടേയും സാന്നിദ്ധ്യത്തോടുകൂടി പള്ളിയിൽവച്ച് ലക്ഷ്മിയമ്മാളും ജ്ഞാനസ്നാനം കൈക്കൊണ്ടു. വൈദികൻെറയും വൈദ്യനാഥയ്യരുടേയും സന്തോഷത്തിന് അതിരില്ല. എങ്കിലും ലക്ഷ്മി അമ്മാളിൻെറ മനസ്സമാധാനം അതിലും വലുതാണ്.— നോക്ക!

തൂങ്ങപ്പെട്ട രൂപം വഴിയായി പിശാചിൻെറ അടിമയിൽനിന്നും ഒരു കുടുംബം സുരക്ഷിതമായി. ഇതാണ് "നല്ല മണ്ണിൽ വീണ വിത്ത്". ഈദൃശ വിത്ത് എല്ലാ ക്രിസ്ത്യാനികളും യഥാവസരം വിതയ്ക്കേണ്ടതാണ്.

ഫാദർ ജോൺ പാലോക്കാരൻ ബി.എ.

# ചോദ്യോത്തരപ്പെട്ടി.

(ഞങ്ങളുടെ ചോദ്യോത്തരപ്പെട്ടി പലരുടേയും ശ്രദ്ധാവിഷയമായിക്കാണുന്നതിൽ സന്തോഷിക്കുന്നു. കത്തോലിക്കരും അകത്തോലിക്കരും ആയുള്ള അനേകംപേർ സംശയങ്ങൾ ഇവിടെ എഴുതി അയക്കുന്നുണ്ട്. ചോദ്യങ്ങൾക്കുടനുടൻ മറുപടി കാണാത്തതിൽ അക്ഷമന്മാരായിത്തീൎന്നിട്ടുള്ളവരും ഒട്ടും കുറവല്ല. അതിനാൽ കുസുമം ഒരു മാസികയാണെന്നും, കിട്ടുന്ന എല്ലാ ചോദ്യങ്ങളും അവയുടെ മറുപടിയും ചേൎക്കുന്നപക്ഷം മററു വിഷയങ്ങൾക്ക സ്ഥലം കാണുകയില്ലെന്നും ഉള്ള വസ്തുത ഇവിടെ എടുത്തു പറയേണ്ടതായിട്ടാണ വന്നിരിക്കുന്നത്. ചോദ്യങ്ങൾ ഇവിടെ കിട്ടുന്ന ക്രമവും മറുപടിയുടെ എളുപ്പവും അനുസരിച്ചാണ ഇപ്പോൾ ചേൎത്തുവരുന്നത്.)

പത്രാധിപർ.

"കൎമ്മല കുസുമം" പത്രാധിപർ
അവർകൾക്ക്.

സർ,— ഞാൻ ഈയിടെ ഒരു ഹിന്തുസ്നേഹിതനുമായി മതത്തേപ്പററി ചില വാദങ്ങൾ നടത്തുകയുണ്ടായി. "അന്യന്മാരെയെല്ലാം നരകത്തിലേക്ക അയക്കുന്ന നിൎദ്ദയന്മാരല്ലേ

ക്രിസ്ത്യാനികൾ? നിങ്ങളാണോ സഹോദരഭാവേന വർത്തിക്കുന്നവർ?" എന്നിങ്ങനെ ചോദിക്കയുണ്ടായി. ഇതിനെപ്പറ്റി തിരുസഭയുടെ സിദ്ധാന്തം എന്താണെന്നു അറിവാനാഗ്രഹമുണ്ട്.

എന്നു വിധേയൻ,
(ഒപ്പ്.)

സമാധാനം.

മതത്തെപ്പറ്റി ഹിന്ദുസ്നേഹിതനുമായി സംവാദം നടത്തിയതിൽ സന്തോഷിക്കുന്നു. നമ്മുടെ കത്തോലിക്കരുടെ ജീവിതത്തെ സമഗ്രമായി പരാമർശിക്കേണ്ട ഒന്നാണു മതം. മതം അവരുടെ സകല പ്രവൃത്തികളുടേയും കേന്ദ്രസ്ഥാനമാകേണ്ടതാണ്. നമ്മുടെ വിശ്വാസത്തെ നിർഭയം തുറന്നു പ്രസ്താവിക്കുന്നതിനുള്ള നമ്മുടെ ചുമതലയെ നാം ഒരിക്കലും വിസ്മരിച്ചുകൂടാത്തതാകുന്നു എന്നു മാത്രം തല്ക്കാലം പ്രസ്താവിച്ചുകൊണ്ടു സംക്ഷിപ്തമായ വിധത്തിൽ ഉത്തരം പറയാം. കത്തോലിക്കാമതമാണു സത്യമായിട്ടുള്ളതെന്നു യാതൊരുത്തൻ എന്നു യഥാർത്ഥമായി അറിയുമോ, അന്നു തന്നെ മാനസാന്തരപ്പെടുന്നതിന്നു അയാൾ കടപ്പെട്ടിരിക്കുന്നു. ഒരുവന്റെ അജ്ഞതം കുറ്റകരമായിട്ടുള്ളതാണെങ്കിൽ അതായത് സ്വന്തം കുറ്റത്താലെ ക്രിസ്തുമതത്തെപ്പറ്റി അന്വേഷിക്കാതെയും അറിയാതെയും ഇരിക്കുകയാണെങ്കിൽ അയാൾ ശിക്ഷാർഹനാണെന്ന് സംശയമില്ല. പ്രത്യുത, അജ്ഞതം നിരപരാധമായിട്ടുള്ളതാണെങ്കിൽ, അങ്ങനെയുള്ളവന് നിത്യരക്ഷ ലഭിക്കുന്നതിന്നു തടസ്സമില്ലെന്നാണു തിരുസഭ പഠിപ്പിക്കുന്നത്. അവൻ തിരുസഭയുടെ നിഗൂഢാംഗമായിട്ട് കരുതപ്പെടും.

## തിരുഹൃദയഭക്തന്മാർ ൧൯൧൯ മേടമാസത്തിൽ വെക്കേണ്ടിയ പൊതുനിയോഗം

"ലോകത്തിൽ ശുദ്ധതയുടെ രാജ്യം പരക്കുവാൻ പ്രാർത്ഥിക്ക."



വിശുദ്ധ യോഹന്നാൻ ഏവൻഗേലിസ്താ പഠിപ്പിക്കുന്നതുപോലെ, ലോകത്തിലുള്ളവയെല്ലാം കണ്ണുകളുടെ ദുരാശയും ശരീരത്തിന്റെ ദുരാശയും ജീവിതത്തിന്റെ നിഗളവുമാകുന്നു. ഈ മൂന്നു വലിയ തിന്മകൾ ലോകത്തെ ആസകലം മൂടിക്കളയുന്നു. എന്നാൽ ശരീരത്തിന്റെ ദുരാശയാകുന്ന മോഹപാശത്താലാകുന്നു അധികഭാഗം മനുഷ്യരും നശിക്കുന്നത്. ആകയാൽ ഈ തിന്മയ്ക്കു എതിരായി ശുദ്ധതയുടെ രാജ്യം ലോകത്തിൽ പരക്കുന്നതിന്നുവേണ്ടി തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണുമെന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നതു പോലെ, ദൈവത്തോടു യോജിക്കുന്നതിന്നും, ജപ ധ്യാനങ്ങളുടെ അരുചിയുണ്ടാകുന്നതിന്നും ഹൃദയ ശുദ്ധത അത്യന്താപേക്ഷിത മായിരിക്കുന്നു. മനുഷ്യർ സ്വാഭാവികമായി ജഡമോഹങ്ങളിലേക്കു ചാഞ്ഞിരിക്കയാൽ, ശാരീരിക നിയന്ത്രണവും തപസ്സും ഹൃദയശുദ്ധിയെ പാലിക്കുന്നതിന്നു ഉത്തമമാർഗ്ഗങ്ങളായിരിക്കുന്നു. ശുദ്ധതയുടെരാജ്യം ലോകത്തിൽ എത്രമാത്രം വിസ്തീർണ്ണത പ്രാപിക്കുമൊ അത്രയും വിസ്തീർണ്ണതയിൽ ദൈവരാജ്യവും പരന്നു വർദ്ധിക്കുന്നതാണ്.

# കുറിപ്പുകളും വർത്തമാനങ്ങളും.

പുതിയ ദിവാനവർകൾ കൊച്ചീരാജ്യത്തു ഇദംപ്രഥമമായി കാൽവെച്ചപ്പോഴേ തന്നെ അവിടത്തുകാരുടെ പ്രീതിക്കു പാത്രീഭവിച്ചതായിട്ടാണ് കാണുന്നത്. കൊച്ചീരാജ്യക്കാർ തലസ്ഥാനത്തെ "പട്ടണപിതാക്കന്മാർ" വഴിയായി കൊടുത്ത മംഗളപത്രത്തിനു ദിവാൻ പറഞ്ഞ മറുപടിയിലെ ചില വാചകങ്ങളാണത്രെ ഇതിന്റെ ഹേതു. "വിഷമമേറിയ ഭരണവിദ്യയിൽ—ഉപര്യുപരി വിഷമതമമായിത്തീരുന്ന ആ ജോലിയിൽ— ജനപ്രതിനിധികളുടെ സഹകരണം അവശ്യാവശ്യമാകുന്നു. യഥാർത്ഥമായ പ്രാദേശികസ്വയംഭരണം ജനങ്ങളുടെ പ്രതിദിന ജീവിതഭാഗ്യത്തേയും ആരോഗ്യത്തേയും തന്നെയല്ലാ പരാമർശിക്കുന്നത്; പബ്ളിക്കുജീവിതത്തിൽ ഒന്നാംതരം പരിജ്ഞാനമുണ്ടാകാൻ അതിനു തുല്യമായ വേറെ ഏർപ്പാടില്ല". ഉദ്ധൃതവാക്യങ്ങളിലെ ആശയാനുസാരം പുതിയ ദിവാൻ പ്രവർത്തിക്കുന്നതായാൽ ഞങ്ങളുടെ കൊച്ചീസഹോദരങ്ങൾ അനുമോദനാർഹന്മാർതന്നെ. "ജാതിമതഭേദമെന്യേ" പൊതുഗുണത്തെ പാലിക്കുന്നതിന്നു പര്യാപ്തമായ ദാർഢ്യവും ഇദ്ദേഹത്തിനുണ്ടെന്നാണ് പലരുടേയും അഭിപ്രായം. ബഹുജനപ്രതീക്ഷയനുസരിച്ചുതന്നെ, വ്യവസായകാര്യജ്ഞതയോടുകൂടിയും പ്രസിദ്ധിയുള്ള ദിവാൻ റാവുബഹദൂർ ടി. വിജയരാഘവാചാരി എം. ഏ. അവർകളുടെ ഭരണം സർവ്വഥാ വിജയകരമായിരിപ്പാനേ തരമുള്ളു. ഏതന്നിർവ്വഹണത്തിന്ന് ജഗദീശ്വരൻ ഇടയാക്കട്ടെ.

* * *

റോമ്മായിൽ നവമായി ഏർപ്പെടുത്തിയ പൗരസ്ത്യ പഠനശാല ഇക്കഴിഞ്ഞ ഡിസംബർ മാസം ൨-ാംനു- മുറസ്സു തുറന്നു ക്ലാസ്സു ആരംഭിച്ചിരിക്കുന്നു. പഠന വിഷയങ്ങൾ വിവിധങ്ങളാണ്. ൧. കത്തോലിക്കാ ദൈവശാസ്ത്രത്തോടുകൂടിത്തന്നെ എല്ലാ പൗരസ്ത്യ സഭകളുടെയും സിദ്ധാന്തങ്ങൾ. ൨. പട്രോളജി എന്ന ശാസ്ത്രവും "ക്രമത്തിയും." ൩. പൗരസ്ത്യ ക്രിസ്ത്യാനികളെ സംബന്ധിച്ച സിവിൽ കാനൻ നിയമങ്ങൾ. ൪. പൗരസ്ത്യ ക്രിസ്ത്യാനികളുടെ മതസംബന്ധവും രാജ്യസംബന്ധവുമായ ചരിത്രം. ൫. പൗരസ്ത്യ ഗ്രന്ഥകാരന്മാരുടെ സാഹിത്യചരിത്രം. ൬. പുരാണവസ്തു ശാസ്ത്രം എന്നിതുകളാണ് പ്രധാന വിഷയങ്ങൾ. ഓരോരൊ രാജ്യക്കാരുടെ ഭാഷയനുസരിച്ചു യഥാക്രമം സുറിയാനി, ഗ്രീക്കു, റഷ്യൻ, അറമായിക്ക, കോപ്‌റ്റിക്ക, അറബിക്ക, എത്തിയോപ്യ എന്നീ ഭാഷകളിൽ പ്രസംഗങ്ങളുണ്ടായിരിക്കുന്നതാണ്.

* * *

തൃശ്ശൂർ സെൻറ് തോമ്മസ് ഹൈസ്കൂളിനെ അടുത്ത ജൂലായി ൧-ാംനു-യോടുകൂടി ഒരു രണ്ടാംഗ്രേഡ് കോളജാക്കുന്നതിന് യുനിവേർസിററിക്കാർ അനുവദിച്ചിരിക്കുന്നതായി അറിഞ്ഞു ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു. ട്രിച്ചിനാപ്പള്ളിയിൽ പോയി പഠിച്ചു വരുന്ന [illegible] തൃശ്ശൂർ വിദ്യാർത്ഥികൾക്കെന്നു മാത്രമല്ല, ഉൽകൃഷ്ട വിദ്യാഭ്യാസ പരായണന്മാരായ എല്ലാ കേരളീയ കത്തോലിക്കാരക്ഷിതാക്കൾക്കും ഇതു വലിയൊരനുഗ്രഹമാണ്. ഞങ്ങളുടെ ആപ്തമിത്രമായ റെവ: ഫാദർ പാലോക്കാരൻ അവർകളാണ് പ്രിൻസിപ്പാൾ. സ്വജനതയുടെ ഉന്നമനത്തിനുവേണ്ടി അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന തൃശ്ശിവപേരൂർ മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് സർവ്വഥാ ശ്ലാഘനീയൻ തന്നെ.

* * *

"കർമ്മലകുസുമ"പ്പരിഷ്കാരത്തെ അഭിനന്ദിച്ച് ഇവിടെ കിട്ടിക്കൊണ്ടിരിക്കുന്ന അനേകം കത്തുകളിൽ ചിലതുകൾമാത്രമേ പ്രസിദ്ധീകരിക്കുന്നതിനു ഞങ്ങൾക്കു സാധിക്കുകയുള്ളു. പുതിയ വരിക്കാരെ ചേർത്തും മററും പലേ സമുദായാഭിമാനികളും ഞങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഈയിടെ ആപ്പീസിൽ കിട്ടിയ ഒരു കത്ത്, ലേഖകന്റെ മഹാമനസ്കതയേയും ഔദാര്യബുദ്ധിയേയും എത്ര കണ്ടു സ്പഷ്ടമാകുന്നുണ്ടെന്നു വായനക്കാർതന്നെ സ്വയമായി വിധിച്ചുകൊള്ളട്ടേയെന്നുവച്ചും അദ്ദേഹത്തെ അനുകരിക്കുന്നതിനു പലരും ഉണ്ടാകുന്നതിനുവേണ്ടിയും അത് ഇതിൽത്തന്നെ വേറൊരിടത്തു ചേർത്തിട്ടുണ്ട്. "കുസുമ"പ്രോത്സാഹകന്മാരോടു ഞങ്ങൾ വളരെ കടപ്പെട്ടിരിക്കുന്നു.

* * *

ശ്രീമൂലംപ്രജാസഭ സംബന്ധിച്ചു ദിവാൻജിക്കു സമർപ്പിച്ച മംഗളപത്രങ്ങളും ദിവാ

ൻജിയുടെ മറുപടിയും ഉള്ള ഗവമ്മെൻറു വക ലഘുപത്രിക, മാററത്തിനു അയച്ച "കേരളസഞ്ചാരി" "മുസ്ലീം" "കേരളകൌമുദി" "വെസ്ററുകോസ്ററു ബുള്ളററിൻ" "ദേശാഭിമാനി" "ബ്രഹ്മവിദ്യ" "ധമ്മദൂതൻ" "കേരളകേസരി" എന്നിതുകൾ കൃതജ്ഞതാപൂവ്വം കൈപ്പററിയിരിക്കുന്നു.

* * *

യുദ്ധകാലത്തു് ബൽജിയത്തിലെ ജമ്മൻ ഗവർണ്ണരായിരുന്ന വോൺ ബിസ്സിങ്ങ് പ്രസിദ്ധ കാർഡിനൽ മെർഴ്സിയേറിനെ ഒരിക്കൽ ക്ഷണിക്കുകണ്ടായി. ഇരിക്കുന്നതിനു അനുവദിച്ച. ശേഷം, കാർഡിനലിൻെറ പേരിൽ ജമ്മൻ പടയാളികളാൽ കൊണ്ടുചെല്ലപ്പെട്ടതും സാമാന്യം ദീർഘവുമായ പരാതിപ്പട്ടിക വായിച്ചു കേൾപ്പിച്ചു. വായന സമയത്തു മേഴ്സിയർ യാതൊരു ക്രുസലും കൂടാതെ മൌനനായിരുന്നു; എങ്കിലും അദ്ദേഹത്തിൻെറ ചുണ്ടുകൾ അനങ്ങുന്നുണ്ടായിരുന്നു. കാർഡിനലിൻെറ ഈ നിശ്ശബ്ദത ഗവർണ്ണക്കു ഒട്ടും രസിച്ചില്ല. രോഷാകുലനായി അയാൾ ഗജ്ജിച്ചു. "ഈ കുററങ്ങൾക്കെല്ലാം നിങ്ങൾ എന്തു സമാധാനമാണു് പറയുന്നതു?" "ഒന്നുമില്ല. ഞാൻ കൊന്ത എത്തിക്കുകയാണു്"

* * *

ഇററലി രാജാവിൻെറ സീമന്തപുത്രിയും ബ്രിട്ടീഷ് കിരീടാവകാശിയും തമ്മിൽ വിവാഹം നടക്കാനിരിക്കുന്നുവെന്നുള്ള കിംവദന്തി വാസ്തമായിപ്പരിണമിക്കുമെന്നാണു് തോ തോന്നുന്നതു്. വെയിത്സിലെ രാജകുമാരൻെറ ഇററലി സന്ദശ്നത്തിനുശേഷം ഇതേപ്പററി ഒന്നും കേട്ടിരുന്നില്ല. പ്രസ്തുത വിവാഹം സംബന്ധിച്ചുള്ള ചടങ്ങുകൾക്കായിട്ടു ഇററലി രാജ്ഞി ഉടനെ പാരീസിലേക്ക് പുറപ്പെട്ടുമെന്നറിയുന്നു. യൊളാണ്ടാ രാജകുമാരിക്ക് ഇപ്പോൾ പത്തൊൻപതു് വയസ്സു പ്രായമാണു്. ഇററലി രാജകുടുംബം കത്തോലിക്കാമതമാണു് അനുകരിക്കുന്നതെന്നു പ്രസിദ്ധമാണല്ലൊ.

* * *

എറണാകുളം വികാരിയാത്തിൽ ആകെ ൮൦ പള്ളികളും ൨൨ കരിശുപള്ളികളും ൧൯ കപ്പേളകളും ൧൩൩ എടവകപ്പട്ടക്കാരും ൩൧ ശമ്മാശ്ശന്മാരും ൨൧൭൧ വീടുകളും ൧൧൯൦൩ വിശ്വാസികളും ൯ കന്യകാമഠങ്ങളും ൧൨൩ സന്യാസികളും ൩ ഇംഗ്ലീഷ് സ്കൂളുകളും ൨൦൪ മലയാളം സ്കൂളുകളും ൧൭൬൦ വിദ്യാത്ഥികളും ഉള്ളതായി അറിയുന്നു.

* * *

"കമ്മെല കുസുമ"ത്തിലെ "എ"കാരം അനാവശ്യമാണെന്നു് ചിലക്കെല്ലാം അഭിപ്രായമുള്ളതായി ഞങ്ങൾക്കറിയാം. "കമ്മെ" ല എന്നു വയ്ക്കാനുള്ള കാരണം 'കുസുമം' ആരംഭിച്ചസമയം തന്നെ പ്രസ്താവിച്ചതു ഒരിക്കൽ കൂടി എടുത്തു ചേക്കുന്നതു സന്ദഭോചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു. "കമ്മേലകുസുമം„ എന്നു വച്ചാൽ അക്ഷരാത്ഥപ്രകാരം കമ്മെലമലയിലെ പുഷ്പം എന്നാകുന്നു. കമ്മ്=തോട്ടം; ഏൽ=ദൈവം എന്ന എബ്രായ പദങ്ങളിൽ നിന്നാണു് ഈ പേർ ഉത്ഭവിച്ചിരിക്കുന്നതു്.

* * *

ബൽജിയം രാജാവു് മന്ത്രീസമേതനായി, ഈയ്യിടെ വിശ്വവിശ്രുതനായ കാർഡിനൽ മെഴ്സിയറിൻെറ വസതിയിൽചെന്നു് അദ്ദേഹത്തെ സന്ദശിക്കുയും അപ്പോൾ "ഗ്രാണ്ടു് കോർഡൺ ഓഫ് ദി ഓർഡർ ഓഫ് ലെയോപ്പോൾഡ്" (Grand Cordon of the order of Leopold) എന്ന ഏത്രയും ഉൽകൃഷ്ടമായ സ്ഥാനം രാജാവു തന്നെ അദ്ദേഹത്തിനു് നൽകുകയും ചെയ്യുയുണ്ടായി.

* * *

പ്രതിവാരപ്പത്രമായിരുന്ന "കേരള കൌമുദി" ഒരു നല്ല ഗദ്യകാരനായ മിസ്റ്റർ സി. വി. കുഞ്ഞുരാമൻ അവർകളുടെ ആധിപത്യത്തിൻ കീഴ് പ്രത്യഹ്വാരം പ്രസിദ്ധീകരിച്ചു തുടങ്ങിയിരിക്കുന്നു. ഈഴവരുടെ വകയായ ഈ ഒന്നാമത്തെ പ്രത്യഹ്വാര സഹജീവിക്കു സവ്വമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

* * *

തെക്കേ ആഫ്രിക്കായിൽ തുമ്മൽ വൃക്ഷം എന്നൊരുതരം മരമുണ്ടു്. അതിനെ ആരെങ്കിലുംവെട്ടിയാൽ വെട്ടുന്നആളിന്നു തുമ്മൽതന്നെ. അതിൻെറ അടുത്തു ചെല്ലുന്ന എല്ലാ പ്രാണികളേയും അതു് ഉപദ്രവിക്കുമത്രെ.

* * *

അഭിലഷണീയമായ വിധത്തിൽ നടത്തപ്പെടുന്ന 'മിതവാദി' മാസികയെ പ്രതിദിനപ്പത്രമാക്കുന്നതിനു ആലോചനയുള്ളതായി അറിയുന്നു. പരോപകരതല്പരനും ഉത്സാഹി

യുമായ പത്രാധിപർ മിസ്റ്റർ കൃഷ്ണൻ ബി. എ.; ബി. എൽ. അവർകൾ ഈ ആലോചനയെ ഉടനെതന്നെ പ്രവൃത്തിയിൽ വരുത്താതിരിക്കയില്ലെന്നാണ് ഞങ്ങളുടെ ആശംസ.

# ചരമവാൎത്തകൾ.

൧. "കൎമ്മല കുസുമം" മാസികയുടെ അവസാന ഫാറത്തിന്റെ പ്രൂഫ് നോക്കിക്കൊണ്ടിരിക്കുകയിലാണ്, ചങ്ങനാശ്ശേരി വികാരി ജനറാൾ മൊൺസിഞ്ഞോർ കണ്ടങ്കരി അവർകൾ (മാർച്ച ൨൯-നു വെളുപ്പിന്) പരലോകാഗതനായി എന്നുള്ള ഏററവും പരിതാപകരമായ വാൎത്ത ഞങ്ങൾക്കു കിട്ടിയതു്. മാസിക കൈപ്പററുന്നതിനുമുമ്പ് തന്നെ ഈ വൎത്തമാനം ഞങ്ങളുടെ വായനക്കാരിൽ പലരും അറിയാനിടയുണ്ട്. മൊൺസിഞ്ഞോർ അവർകൾ രോഗബാധിതനായിട്ട്, കുറെ ദിവസങ്ങളായെങ്കിലും, അദ്ദേഹം ഇത്രവേഗം സ്വജനങ്ങളിൽനിന്നു വേർവിട്ടുമെന്നു ഇഷ്ടുള്ളവർ വിചാരിച്ചിരുന്നില്ല. പക്ഷേ ദൈവനിശ്ചയം അന്യഥാ ആയിരുന്നു. മൊൺസിഞ്ഞോർ സിറിയക്ക് കണ്ടങ്കരി അവർകളുടെ "ആത്മാവിനുവേണ്ടി" നമുക്ക് ദൈവത്തോടു പ്രാൎത്ഥിക്കാം.

൨. കടമാളൂർപ്പള്ളി എടവക കാഞ്ഞിരക്കോണത്തു ബ. തൊമ്മച്ചൻ അവർകൾ മാർച്ചുമാസം ൩൧-ാംനു വിഷൂചികാദീനത്താൽ അന്തിമക്രൂദാശകളൊക്കയും യഥായോഗ്യം കൈക്കൊണ്ടു നന്മരണം പ്രാപിച്ചിരിക്കുന്നു.

൩. ക. നി. മൂ. സ. ബ. ദേവസ്സിയച്ചൻ മാർച്ച ൭-ാംനു അദ്ധരാത്രിയോടുകൂടി ഏൽത്തുരുത്തു ആശ്രമത്തിൽ വച്ചു ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. മരണഹേതുവായിതീൎന്നതു ഹൃദ്രോഗമായിരുന്നു. മരിച്ച ദിവസം കാലത്തു വിശുദ്ധ കുർബാന അൎപ്പിച്ച സംഗതി പ്രസ്താവ്യമാണ്.

൪. കത്തോലിക്കാ സുറിയാനിക്കാരുടെയിടയിൽ, ഒരു സുപ്രസിദ്ധ മാതൃകാധ്യാപകനായിരുന്ന ആലപ്പുഴ മിസ്റ്റർ ജോസഫ് ചാണ്ടി മാർച്ച് ൧൩-നു വിഷമജ്വരം നിമിത്തം, അന്തിമക്രൂദാശകളൊക്കയും യഥാവിധി കൈക്കൊണ്ടു പരലോകപ്രാപ്തനായിരിക്കുന്നു. റവ. ഫാദർ ഇഗ്നേഷ്യസ് സി. ഡി. അവർകളും, പറവൂർ മുൻസിഫ് വറുഗീസ് ചാണ്ടി ബി. ഏ. ബി. എൽ. അവർകളും പരേതനായ ഇദ്ദേഹത്തിന്റെ കനിഷ്ഠസഹോദരന്മാരാണ്. മിസ്റ്റർ ജോസഫ് ചാണ്ടിയുടെ നിൎയ്യാണത്താൽ സന്താപകുലന്മാരായിരിക്കുന്ന ബന്ധുമിത്രാദികളോടു ഞങ്ങളും അനുശോചിച്ചുകൊള്ളുന്നു.

൫. തൊടുപുഴെ നാഗപ്പുഴപ്പള്ളി എടവക മേക്കുന്നേൽ ആഗസ്തിനോസു ഈ മാസം ൯-ാംനു .അന്തിമക്രൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു ൭൦-ാമത്തെ വയസ്സിൽ കൎത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു.

൬. അമ്പലപ്പുഴ മിസ്റ്റർ ജോസഫ് നൊറോഞ്ഞ അവർകൾ തന്റെ ൬൫-ാമത്തെ വയസ്സിൽ വിഷൂചികരോഗത്താൽ കഴിഞ്ഞ മാസത്തിൽഅന്തിമക്രൂദാശകളെല്ലാംകൈക്കൊണ്ടു കൎത്താവിൽ ദീൎഘനിദ്രയെ പ്രാപിച്ചിരിക്കുന്നു. ഇദ്ദേഹത്തിന്റെ നിൎയ്യാണത്തിൽ സഹോദരപുത്രനായ ഫാദർ നൊറോഞ്ഞാ അവർകളോടും സ്യാലനായ മിസ്റ്റർ പോൾ ളൂയീസിനോടുംകൂടി ഞങ്ങളും ദുഃഖിക്കുന്നു.

൭. ഉളവയ്പിൽ പാറായി മാത്തുത്തരകൻ അവർകൾ കഴിഞ്ഞ മാസം ൭-ാംനു അന്തിമക്രൂദാശകളെല്ലാം കൈക്കൊണ്ടു ചരമം പ്രാപിച്ചിരിക്കുന്നു. കൊച്ചി ഡിസ്ത്രിക്ടു മജിസ്ത്രേട്ടു മിസ്റ്റർ ആന്റണിയുടെ ശ്വശ്രൂരനും മിസ്റ്റർ വി. ഡി. ഔസേപ്പവർകളുടെ ഭാൎയ്യയുടെ പിതാമഹനുമായിരുന്നു. ബന്ധുമിത്രാദികളുടെ ദുഃഖത്തിൽ ഞങ്ങളും പങ്കുകൊള്ളുന്നു.

൮. വടയാററുപള്ളി എടവക തോട്ടപ്പള്ളി തോമ്മാ, എന്നയാൾ തന്റെ ൩൦-ാമത്തെ വയസ്സിൽ മാർച്ചു ൧൭-ാംനു ക്രൂദാശകൾ കൈക്കൊണ്ടു കൎത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു.

ഇവരുടെ ആത്മാനുകൂല്യാൎത്ഥം വിശ്വാസികൾ പ്രാൎത്ഥിപ്പാറാകണം.

# പഞ്ചാംഗം..

## ൧൯൧൯, ഏപ്രിൽ - ൧൦൯൪ മീനം - മേടം.

| | | | | | |
|---|---|---|---|---|---|
| 1 | 19 | ചൊ | സഹദാ. യോഹന്നാൻ ബ്രീത്തൊ. (കു. ൧൩) | | ചു. |
| 2 | 20 | ബു | മൌദ്ര്യാനാ. പ്രംസീസ്സോസ് ദെ പാവുലാ. | | വെ. |
| 3 | 21 | വ്യ | (അഗാപ്പീസ് –) ന. കു. ആ. ... ... | | റോ. |
| 4 | 22 | വെ | ന. കർത്താവി. തിരുരക്തം. ൧-ാം വെള്ളിയാഴ്ച (ഒരുനേരം) | | ചു. |
| 5 | 23 | ശ | മൌദ്ര്യാനാ. വിന്നസന്ത്യോസ് ഫെറാറീസ് ... | | വെ. |
| 6 | 24 | ഞ | ✠ [illegible] നോമ്പ ൫-ാം ഞായറാഴ്ച ഭംഗപ്പാട്ടു ഞായർ | .[illegible] | റോ. |
| 7 | 25 | തി | ന. കു. ആ. ... ... ... | | റോ. |
| 8 | 26 | ചൊ | അൽബെർത്തോസ് ... ... ... | | വെ. |
| 9 | 27 | ബു | ന. കു. ആ. ... ... ... | | റോ. |
| 10 | 28 | വ്യ | ന. കു. ആ. ... ... ... | | റോ. |
| 11 | 29 | വെ | ഭ. ക. വ്യാകുല മാതാവ് (ഒരുനേരം) ... | | വെ. |
| 12 | 30 | ശ | ന. കു. ആ. ... ... ... | | വെ. |
| 13 | 31 | ഞ | ✠ ഓശാന ഞായറാഴ്ച. ... | .[illegible] | റോ. |
| 14 | 1 | തി | വിശുദ്ധ വാരം ... ... ... | | റോ. |
| 15 | 2 | ചൊ | ☺ വിശുദ്ധ വാരം ... ... ... | | റോ. |
| 16 | 3 | ബു | വിശുദ്ധ വാരം ... ... ... | | റോ. |
| 17 | 4 | വ്യ | തിരുവ്യാഴം (ന. ക. തിരു അത്താഴം) ... | | വെ. |
| 18 | 5 | വെ | ദുഃഖവെള്ളിയാഴ്ച (ഒരുനേരം) ... ... | | ക. |
| 19 | 6 | ശ | ദുഃഖശനിയാഴ്ച (ഒരുനേരം) ... ... | | വെ. |
| 20 | 7 | ഞ | ✠ ന. ക. ഉയിർപ്പുതിരുനാൾ | [illegible] .൨.൫ | വെ. |
| 21 | 8 | തി | (✠) എം. ന. കു. ആ. ... | .൨ | വെ. |
| 22 | 9 | ചൊ | (✠) എം. ന. കു. ആ. ... | .൩ | വെ. |
| 23 | 10 | ബു | (✠) എം. ന. കു. ആ. ... | .[illegible] | വെ. |
| 24 | 11 | വ്യ | എം. ന. കു. ആ. ... | .[illegible] | വെ. |
| | | | അരീത്തുറ, കോതമംലം, നാഗപ്പുഴ എന്നീ പള്ളികളിൽ ശു. ഗീവറുഗീസിൻെറ (ദശനം) പ്രധാന തിരുനാൾ. | | |
| 25 | 12 | വെ | എം. ന. കു. ആ. ... | .[illegible] | വെ. |
| 26 | 13 | ശ | എം. ന. കു. ആ. ... | .൦ | വെ. |
| | | | അങ്കമാലിപ്പള്ളിയിൽ ശു. ഗീവറുഗീസ്, തിരുനാൾ. | | |
| 27 | 14 | ഞ | ✠ ഉയിർപ്പിൻ ൧-ാം ഞായറാഴ്ച. പുതുഞായറാഴ്ച. | .[illegible] | വെ. |
| | | | മലയാറ്റൂർ, പാവറട്ടി കൊവേന്ത ശു. തോമ്മാശ്ലീ. തിരു. ചെത്തിപ്പുഴ കൊവേന്ത ശു. ബെനദിക്തോസ് തിരുനാൾ. | | |
| 28 | 15 | തി | സഹദാ ഹന്ത്താലീസ് ... | | ചു. |
| 29 | 16 | ചൊ | സഹദാ പത്രോസ് ... | | ചു. |
| 30 | 17 | ബു | ☺ കന്യക. കത്രീനാ സിയെന്നാ. ... | | വെ. |

Printed and Published for the Proprietor, by A. P. Mani at
St. Joseph's Press, Mannanam. 1919.